# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മേലടി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/പി.9/1170/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/09/2024
ഇ-മെയിൽ:
dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേലടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/പി.9/1170/2024 തീയ്യതി: 23/09/2024

## കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുനിൽദാസ്.എസ് | ജോയിന്റ് ഡയറക്ടർ | 14-06-2024 | 21-06-2024 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-06-2024 | 21-06-2024 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി ധന്യ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശ്രീജിത്ത് കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അപർണ്ണ ഡി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേഷ് ചങ്ങാടത്ത് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. സരുൺ.കെ | സെക്രട്ടറി | 01-04-2023 | 01-08-2023 |
| ശ്രീ. ശിവ കുമാർ എ | സെക്രട്ടറി | 01-08-2023 | 13-08-2023 |
| ശ്രീ. ജോബി സാലസ് | സെക്രട്ടറി | 14-08-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുജ വി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി.രസിത എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 10-07-2023 |
| ശ്രീമതി.അശ്വതി ശ്രീധർ | അസിസ്റ്റന്റ് എഞ്ചിനീയർ | 11-07-2023 | 31-03-2024 |
| ശ്രീ സുരേഷ് ബാബു സി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2023 | 26-06-2023 |
| ശ്രീമതി. വീണ വി എം | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 27-06-2023 | 31-03-2024 |
| ശ്രീമതി അനിത പി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2023 | 05-04-2023 |
| ശ്രീമതി സ്മിത നന്ദിനി പി കെ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 06-04-2023 | 19-06-2023 |
| ശ്രീമതി സ്മിത ഹരിദാസ് കെ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 20-06-2023 | 31-03-2024 |
| ശ്രീ.സുധീഷ് കുമാർ വി.കെ | വ്യവസായ വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ അബ്ദുൽ അസീസ് ടി | പട്ടികജാതി വികസന ഓഫീസർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ ശ്രീജിത്ത് പി | ക്ഷീര വികസന ഓഫീസർ | 01-04-2023 | 31-03-2024 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ | 1-1-1 |
| 3 | IAY വായ്പ തിരിച്ചടവ് ചെലവ് -വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | വാർഷിക കണക്കിലെ തുകയും രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്ത തുകയും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നില്ല. | 1-1-4 |
| 6 | എ സി ആർ- എ എഫ് എസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല | 1-6 |
| 13 | രസീതികൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-7 |
| 14 | ഐ.എ.വൈ ലോൺ പലിശ തിരിച്ചടവ് - കൃത്യത ഉറപ്പാക്കാനായില്ല. | 1-8 |
| 15 | യാത്രാബത്ത അനുവദിച്ചതിലെ അപാകതകൾ | 1-9 |
| 16 | സി.സി.ടി.വി സ്ഥാപിക്കൽ -സെന്റേജ് ചാർജ്ജ് നൽകി . | 1-10 |
| 17 | സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചില്ല | 1-11 |
| 18 | ജീവതാളം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-12 |
| 19 | തദ്ദേശകം ഗൈഡ് -ആവശ്യകത പരിശോധിക്കാതെ വാങ്ങി . | 1-13 |
| 20 | വിവിധ ഏജൻസികൾക്ക് തുക നൽകി - പൂർത്തീകരണം,വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-14 |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കുന്നില്ല. | 1-15 |
| 22 | പി.എം.എ.വൈ ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. | 1-16 |
| 23 | ലൈബ്രറികൾക്ക് ഫർണ്ണിച്ചറുകൾ വാങ്ങൽ - | 1-17 |

| | | |
|---|---|---|
| | പ്രൊക്യൂർമെന്റ് മാനദണ്ഡങ്ങൾ പാലിക്കാതെ വാങ്ങി. | |
| 24 | മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല. | 1-18 |
| 25 | ഉയർന്ന നിരക്കിലുള്ള ഇനം ഉപയോഗപ്പെടുത്തി-പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-19 |
| 26 | ആസ്തി അതിരുകൾ ഉറപ്പാക്കാതെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. | 1-20 |
| 27 | എം.ആർ.എഫ് സൈറ്റിലെ മണ്ണ് നീക്കം ചെയ്യൽ- നടപടി ക്രമങ്ങളിൽ വീഴ്ച | 1-21 |
| 28 | തോട് സംരക്ഷണ പ്രവൃത്തികൾക്ക് പാരിസ്ഥിതിക ഘടകങ്ങൾ പരിഗണിച്ചില്ല. | 1-22 |
| 29 | മേഖലാ ചുമതലകളിൽ നിന്നും വ്യതിചലിച്ച് പദ്ധതി ആസൂത്രണം | 1-23 |
| 30 | കേളപ്പജി റോഡ് പ്രവൃത്തി- ആസൂത്രണത്തിലെ അപാകത | 1-24 |
| 31 | വാഹനം വാടകക്കെടുക്കൽ- നടപടിക്രമങ്ങളിൽ വീഴ്ച | 1-25 |
| 32 | പഞ്ചായത്ത് നടപ്പിലാക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പിലാക്കി പഞ്ചായത്ത് നടപ്പിലാക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പിലാക്കി | 1-26 |
| **ഭാഗം 2** | | |
| 1 | എം.ആർ.എഫ് സൈറ്റിലെ മണ്ണ് നീക്കം ചെയ്യൽ-പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 2-1 |
| **ഭാഗം 3** | | |
| 1 | ഉയർന്ന നിരക്കിലുള്ള ഇനം ഉപയോഗപ്പെടുത്തി-പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 1.06.24 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 3.06.24 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത്‌രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ , അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ,മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.20.24ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തികനിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു .

ജോയിന്റ് ഡയറക്ടർ

## 1-1-1 വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, Notes On Accounts എന്നിവ

ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

1-1-2 IAY വായ്പ തിരിച്ചടവ് ചെലവ് -വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

IAY വായ്പയായി പയ്യോളി കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് എടുത്ത ലോൺ തുകയുടെ മുതൽ മുഴുവനായും 2020-21 വർഷത്തിൽ അടച്ചു തീർക്കുകയും പലിശ ഇനത്തിൽ അവശേഷിക്കുന്ന 16,29,732/-രൂപ തുടർ വർഷങ്ങളിൽ അടച്ചു വരികയും, 23-24 സാമ്പത്തിക വർഷത്തിൽ മുഴുവനായും അടച്ച് തീർക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക പഞ്ചായത്തിന്റെ കഴിഞ്ഞ വർഷത്തെ ധനകാര്യ പത്രികയിൽ (ബാലൻസ് ഷീറ്റിൽ) ബാധ്യതയായും, തൻവർഷത്തെ ട്രയൽ ബാലൻസിൽ മുന്നിരിപ്പ് ബാധ്യതയായും ഉൾപ്പെടുത്തിയിട്ടില്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ് .

1-1-3 വാർഷിക കണക്കിലെ തുകയും രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്ത തുകയും പൊരുത്തപ്പെടുന്നില്ല

സ്ഥാപനം ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 41000/- രൂപ ബാലൻസ് കാണുന്നു. എന്നാൽ ധനകാര്യ പത്രിക ബാലൻഷീറ്റ് (ഷെഡ്യൂൾ B7) പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 27000/- രൂപയാണ് ബാലൻസ്. 2021-22 വർഷം മുതലുള്ള ധനകാര്യ പത്രിക ബാലൻസ്ഷീറ്റ് (ഷെഡ്യൂൾ B7) പ്രകാരം 27000/- രൂപ ടി ഇനത്തിൽ ബാലൻസ് ആയി കാണുന്നു. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും നിലവിലും ഇലക്ഷൻ ഡെപ്പോസിറ്റ് ക്രമീകരിക്കാത്തതിനും, വ്യത്യാസം നിലനിൽക്കുന്നതിനും വിശദീകരണം നൽകേണ്ടതാണ്.

1-1-4 കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നില്ല.

1.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പ് പരിശോധിക്കാൻ കഴിയത്തക്ക വിധത്തിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

| ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18, 31.03.24 നീക്കിയിരിപ്പ് |
|---|---|
| Advance To Implementing Agencies | 6,75,000 |

2.ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ B7 ഷെഡ്യൂളിലെ വിവിധ ഡെപ്പോസിറ്റുകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

| ശീർഷകം | ബാലൻഷീറ്റ് B7 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ്, 31.03.23 |
|---|---|
| 340100101, Contractor’s Earnest Money Deposit | 5,090 |
| 340100102, Supplier’s Earnest Money Deposit | 10,000 |
| 340100301, Contractors Retention | 4,85,622 |
| | |

| | |
|---|---|
| 340100202, Supplier's Security Deposit | 2,500 |
| 340109901, Other Deposits | 10,000 |
| 340800101, Deposit Received From Others | 4,000 |

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്.

3. റവന്യൂ റിക്കവറി ഇനത്തിൽ 89,126/- രൂപ വർഷങ്ങളായി ക്രമീകരിക്കാതെ അവശേഷിക്കുന്നു. ആയത് ഏത് ഇനത്തിൽ ഉള്ളതാണെന്ന് കണ്ടെത്തി സർക്കാരിലേക്ക് തിരിച്ചടച്ച് അറിയിക്കാൻ 22-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിലും ഈ തുക ക്രമീകരിക്കാതെ അവശേഷിക്കുന്നു.

4.ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ (I-18) പ്രകാരം Prior Period Item എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഇനത്തിലുള്ള ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. B9 ഷെഡ്യൂളിലെ Other Liabilities ഹെഡിലെ തുകകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ശീർഷകം | ബാലൻഷീറ്റ് B9 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ്, 31.03.24 |
|---|---|
| 350300109 Government And Other Dues Payable- Refund Of Unutilised Grants | 4,015 |
| 350300199 Government And Other Dues Payable- Others | 41,957 |
| 350800299- Other Liabilities | 20,000 |

1-1-5 എ സി ആർ- എ എഫ് എസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

1.വികസന ഫണ്ട്-ജനറൽ ചെലവ് തുക ACR പ്രകാരം 12176288/- രൂപയും, AFS പ്രകാരം 12173254/- രൂപയുമാണ്. 3034/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

2.സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് B4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 1380945 | 1659000 | 3039945 | 2980658 | 59287 | 119305 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 325635 | 2257717 | 2583352 | 2205845 | 377507 | 204336 |

വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതാണ്.

### 1-1-6 ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്യുന്നില്ല.

1.പാർട്ട് ബിൽ ആയി നൽകിയ തുക Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ:- (1)പ്രോജക്ട് നം.30 – ബ്ലോക്ക് ഓഫീസ് വനിത കാന്റീൻ നവീകരണം (2) പ്രോജക്ട് നം.85 – പോസ്റ്റ് ഓഫീസ് പൊടിയാടി ബണ്ട് റോഡ് ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് ഈ തുക അതാത് ആസ്തികളിലേയ്ക്ക് വരവു വയ്ക്കേണ്ടതാണ്. ഇത് കണക്കാക്കുന്നതിന് സ്ഥാപനം വർക്ക്ഷീറ്റ് തയ്യാറാക്കി വെച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് .

2.വിവിധ ഡെപ്പോസിറ്റ് വർക്കിന് KSEB -യ്ക്ക് അഡ്വാൻസ് നൽകിയ തുകകൾ, Advance To Implementing Officers എന്ന ഹെഡിൽ പോസ്റ്റ് ചെയ്യുന്നതിന് പകരം 2- ൽ തുടങ്ങുന്ന ചെലവ് ഹെഡിലാണ് പോസ്റ്റ് ചെയ്തത്. ഈ തുക പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന വരെ Advance To Implementing Agencies എന്ന ഹെഡിൽ വരവ് വയ്ക്കാതെ , മറ്റൊരു ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തതിനാൽ ആയത് പഞ്ചായത്തിന്റെ ആസ്തിയായി ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.

| പ്രോജക്ട് നമ്പർ, പേര് | നിർവ്വഹണ ഏജൻസി | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|
| 60/24, മുക്കം കുടിവെള്ള പദ്ധതിയ്ക്കായി KSEB ലൈൻ സ്ഥാപിക്കൽ | KSEB , തിക്കോടി | 62,106 |
| 62/24, അരീക്കംചാലിൽ കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കലും വൈദ്യുതീകരണവും KSEB ലൈൻ സ്ഥാപിക്കലും | KSEB , അരിക്കുളം | 1,91,000 |

### 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 24-03-2023 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 2-01-2024 തീയതിയിലെ 2 നമ്പർ പ്രകാരവും അംഗീകരിച്ചു.

അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,49,33,007 |
| വരവ് | 7,83,46,455 |

| | |
|---|---|
| ആകെ | 9,32,79,462 |
| ചെലവ് | 8,72,73,388 |
| നീക്കിയിരിപ്പ് | 60,06,074 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4325997 |
| വരവ് | 49747358 |
| ആകെ | 54073355 |
| ചെലവ് | 48709152 |
| നീക്കിയിരിപ്പ് | 5364203 |

## 1-4 ഫണ്ട് വിനിയോഗം

| | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 13089493 | 13089493 | 12173254* | 916239 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 5555000 | 5555000 | 3703000# | 1852100 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 516507 | 516507 | ---- | 516507 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 7310000 | 7310000 | 6513528** | 786472 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | ബാങ്ക് | 1380945 | 1659000 | 3039945 | 2980658 | 59287*** |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | ബാങ്ക് | 325635 | 2257717 (Interest – 45717) | 2583352 | 2205845 | 377507*** |
| | ട്രഷറി | 0 | 0 | 0 | 0 | 0 |

*എന്നാൽ വികസന ഫണ്ട്-ജനറൽ ചെലവു തുക ACR പ്രകാരം 12176288/- രൂപയാണ്.
# 1771053 രൂപയുടെ ബില്ലുകൾ പെയ്മെന്റ് ആയിട്ടില്ല.
** 3444140 രൂപയുടെ ബില്ലുകൾ പെയ്മെന്റ് ആയിട്ടില്ല.
***സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ചെലവ് ACR പ്രകാരവും, ചെലവു പത്രിക പ്രകാരവുമുള്ള തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നീക്കിയിരിപ്പ് B4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. B4 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി ടൈഡ് നീക്കിയിരിപ്പ് 119305/- രൂപയും അൺടൈഡ് നീക്കിയിരിപ്പ് 204336/-രൂപയുമാണ്.

## 1-5 പദ്ധതി അവലോകനം

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതി വകയിരുത്തലും അതിൽ നിന്നുള്ള ചെലവും താഴെ പറയും പ്രകാരമാണ്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|
| 92 | 84615924 | 70 | 30969833 | 22 |

ഡി.പി.സി. അംഗീകാരം ലഭിച്ച 92 പ്രോജക്ടുകളിൽ 70 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 84615924/- രൂപ വകയിരുത്തിയതിൽ 30969833/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 1400809/-രൂപ തനതുഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല

വിവിധ മേഖലയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

14-08-2023 ലെ എ300/2014 ഓഫീസ് ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തികവർഷം ബ്ലോക്ക് പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്ന വിവരാവകാശ രജിസ്റ്ററും പരാതി രജിസ്റ്ററും ആവശ്യമായ വിവരങ്ങൾ ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. രശീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പ് പരിശോധിക്കാൻ സാധിക്കും വിധം അഡ്വാൻസ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-7 രസീതികൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

രസീതി ബുക്കുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകതയെക്കുറിച്ച് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (2022-23, ഖ.1-1-2, ഖ.1-7) പ്രതിപാദിച്ചിട്ടുണ്ടെങ്കിലും നിലവിലും സ്ഥിതി വ്യത്യസ്തമല്ല.

ശ്രദ്ധയിൽപ്പെട്ട എതാനം അപാകതകൾ ചുവടെ കൊടുക്കുന്നു.

1. രസീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ രസീതികളുടെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുവാനോ കൃത്യത ഉറപ്പുവരുത്തുവാനോ സാധിച്ചിട്ടില്ല. കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. കേരള ട്രഷറി കോഡ്, വാല്യം 1, ആർട്ടിക്കിൾ 90(ബി) യിലെ കുറിപ്പ് 2 പ്രകാരം പണം സ്വീകരിക്കുന്നതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ പണം ഒടുക്കുന്ന ആൾക്ക് രസീത് നൽകേണ്ടതും രസീത് ബുക്കുകളുടെ സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതുമാണ്. 23-24 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച തുകകൾക്ക് നൽകിയിട്ടുള്ള സാംഖ്യ രസീതിയുടെ ക കൗണ്ടർ ഫോയിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| Sale Of Tender Form | 2254 |
| Sale Of Scrap | 3540 |
| Rent | 3925 |
| IAY Refund | 98922 |

3. ഫ്രണ്ട് ഓഫീസിൽ ഇന്ററപ്റ്റഡ് രസീതി നൽകുന്നതിനായി മാന്വൽ രസീതുകൾ നൽകേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ സാംഖ്യ രസീതുകൾ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ മാന്വൽ രസീത് നൽകുന്നതിനുള്ള സംവിധാനമില്ല.

അപാകത ആവർത്തിക്കുന്നതിനും ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടും ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം.4/24, തീയതി:20.06.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-8 ഐ.എ.വൈ ലോൺ പലിശ തിരിച്ചടവ് - കൃത്യത ഉറപ്പാക്കാനായില്ല.

2023-24 വർഷം സെക്രട്ടറി നടപ്പിലാക്കിയ 13/24 പ്രോജക്ട് മുഖേന ഐ.എ.വൈ ഭവന പദ്ധതി വായ്പ തിരിച്ചടക്കുന്നതിനായി വികസനഫണ്ടിൽ നിന്നും 629732/- രൂപ (ബിൽ സാങ്ഷൻ നം.13/13-06-2023) ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് ലക്ഷ്യമായി കാണിച്ചിരിക്കുന്നത് സംസ്ഥാന സർക്കാർ വിഹിതം ലഭ്യമല്ലാത്തതിനാൽ 2012 വർഷത്തിൽ ഗുണഭോക്താക്കൾക്കായി എടുത്ത വായ്പ തിരിച്ചടവാക്കുന്ന പദ്ധതി എന്നാണ്. 24-05-2013 ലെ സ.ഉ.(കൈ) നം.193/2013/ത.സ്വ.ഭ.വ പ്രകാരം 2011-12ൽ എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ അധിക ധനസഹായം ലഭ്യമാക്കുന്നതിന് ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും ലോണെടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ ഇതിന്റെ 11.25% പലിശ സർക്കാർ

വഹിക്കുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചപ്പോൾ പയ്യോളി സഹകരണ ബാങ്ക് സെക്രട്ടറിയുടെ 15-05-2023 ലെ കത്ത് പ്രകാരം ഐ.എ. വൈ വായ്പയിനത്തിൽ നൽകിയ 50 ലക്ഷം രൂപയിൽ പലിശയിനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളതായി 629732/- രൂപ കാണിച്ചിട്ടുണ്ട് . പ്രസ്തുത തുകയാണ് പ്രോജക്ട് പ്രകാരം തിരിച്ചടച്ചത്. ഇതു സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് സൂക്ഷിച്ചിരിക്കുന്ന ലോൺ രജിസ്റ്റർ പ്രകാരം 2013-14 വർഷം ബാങ്കിൽ നിന്നും 50 ലക്ഷം രൂപ വായ്പയെടുത്തതിൽ 2014-15 വർഷം മുതലാണ് തിരിച്ചടവ് ആരംഭിക്കുന്നത്. 2020-21 വർഷമായപ്പോൾ മുതൽ തിരിച്ചടവ് അവസാനിക്കുകയും പലിശയായി കണക്കാക്കിയ 1799732/- രൂപയിൽ 170000/-രൂപ 2020-21 വർഷവും ബാക്കിയുള്ള 1629732/- രൂപയിൽ 1000000/- രൂപ 2021-22, 2022-23 വർഷങ്ങളിലായി (500000+500000) ബ്ലോക്ക് പഞ്ചായത്ത് തങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും അടക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പലിശയാണ് ബാങ്ക് ആവശ്യപ്പെട്ട പ്രകാരം പ്രൊജക്ട് മുഖേന അടച്ചത്. ബാങ്ക് ആവശ്യപ്പെട്ട പലിശ തന്നെയാണോ യഥാർത്ഥത്തിൽ അടയ്ക്കേണ്ട പലിശ എന്ന് ഉറപ്പിക്കാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് പയ്യോളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ലോൺ എടുക്കുന്നതിന് സർക്കാരിൽ നിന്നും ലഭ്യമാക്കിയ അനുമതി സംബന്ധിച്ച ഉത്തരവ്, ബാങ്കുമായി വച്ച എഗ്രിമെന്റ്, പലിശ നിരക്ക് സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 16/2023-24 തീയതി 21-06-24) മറുപടി നൽകിയിട്ടില്ല. മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും ലോൺ തുകയുടെ പലിശ അടച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-9 യാത്രാബത്ത അനുവദിച്ചതിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും യാത്രാബത്ത അനുവദിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു .

I A) ടി.എ ബിൽ - ഒറിജിനൽ ട്രെയിൻ ടിക്കറ്റ് സമർപ്പിക്കാത്ത യാത്രയുടെ ക്ലെയിമുകളും അംഗീകരിക്കുന്നു .

സ.ഉ(പി) നം 150/2019 ധന തി 5.11.19 പ്രകാരം യാത്രാബത്ത ബില്ലുകൾ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ(പി) നം 137/2016 ധന തി 9.9.16 പ്രകാരം ഉദ്യോഗസ്ഥരുടെ പ്രതിമാസ/ത്രൈമാസ യാത്രാബത്ത പരിധി നിശ്ചയിച്ചിട്ടുണ്ട്. ഗ്രേഡ് II A കാറ്റഗറിയിൽ (51400-110300 രൂപ ശമ്പള സ്കെയിൽ ഉള്ള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക്) ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നിശ്ചയിച്ച പ്രതിമാസ യാത്രാപരിധി 2060/- രൂപയാണ്. യാത്രാബത്ത പരിധിക്കു പുറമേ അനുവദിച്ച യാത്രാബത്തയുടെ ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു .

I A) MGNREGS പ്രവർത്തനങ്ങളുടെ ഭാഗമായി തൃശ്ശൂർ , കിലയിലേക്ക് യാത്ര നടത്തിയതിന്റെ ക്ലെയിം ഡീറ്റെയിൽസ് ചുവടെ ചേർക്കുന്നു .

| Date &Time | | Place Of Journey | | Distance Travelled | Mode Of Conveyance | Rate | IC | DA | Total |
|---|---|---|---|---|---|---|---|---|---|
| From | To | From | To | | | | | | |
| 26.10.23 4.40pm | 26.10.23 5.30pm | Payyoli | Vatakara | 11 | Auto | 135 | | | 135 |
| 5,40 Pm | 9.30 Pm | Vatakara | Thrissur | 165 | Train | 505 | 99 | | 604 |
| 9.40 Pm | 10.30pm | Thrissur | Kila | 11 | Bus | 18 | 6.6 | | 24 |
| Halt At 26.10.23 ,10.30 Pm To 28.10.23 1.15 Am KILA TRSR | | | | | | | | 90 | 90 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 28.10.23 1.15am | 28.10.23 2.15AM | Kila | Thrissur | 11 | Bus | 18 | 6.6 | | 24 |
| 28.10.23 2.40AM | 28.10.23 6.55AM | Thrissur | Vatakara | 165 | Train | 505 | 99 | | 604 |
| 7Am | 7.45 AM | Vatakara | Payyoli | 11 | Auto | 135 | | | 135 |
| ആകെ | | | | | | | | | 1616 |

I.B) MGNREGS പ്രവർത്തനങ്ങളുടെ ഭാഗമായി കൊട്ടാരക്കര CMRD യിലേക്ക് യാത്ര നടത്തിയതിന്റെ ക്ലെയിം ഡീറ്റെയിൽസ് ചുവടെ ചേർക്കുന്നു.

| Date &Time | | Place Of Journey | | Distance Travelled | Mode Of Conveyance | Rate | IC | DA | Total |
|---|---|---|---|---|---|---|---|---|---|
| From | To | From | To | | | | | | |
| 3.10.23 8Am | 3.10.23 8.45Am | Payyoli | Vatakara | 11 | Bus | 18 | 6.6 | | 24 |
| 3.10.23 9Am | 3.10.23 5.40pm | Vatakara | Kollam | 363 | Train | 660 | 218 | | 878 |
| 6 Pm | 7.30pm | Kollam | Kottarakkara | 25 | Bus | 30 | 15 | | 45 |
| 3.10.23 7.45 1.15am | 3.10.23 8.15pM | Kottarakkara | CMRD Campus | 9 | Auto | 120 | | | 120 |
| Halt At 3.10.23 8.15 Pm To 7.10.23 .8AM | | | | | | | | 270 | 270 |
| 7.10.23 8Am | 7.10.23 8.30AM | CMRD | Kottarakkara | 9 | Auto | 120 | | | 120 |
| 7.10.23 8.30AM | 7.10.23 10AM | Kottarakkara | Kollam | 25 | Bus | 30 | 15 | | 45 |
| 7.10.23 10.30AM | 7.10.23 5.55PM | Kollam | Vatakara | 363 | Train | 660 | 218 | | 878 |
| 7.10.23 6PM | 7.10.23 6.45PM | Vatakara | Payyoli | 11 | Bus | 18 | 6.6 | | 24 |
| ആകെ | | | | | | | | | 2404 |

2023 ഒക്ടോബർ മാസം നടത്തിയ യാത്രയ്ക്കായി ആകെ 4020 /-രൂപ അനുവദിച്ചിട്ടുണ്ട് . ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ യാത്രാബത്തയ്ക്ക് - ഒറിജിനൽ ട്രെയിൻ ടിക്കറ്റ് സമർപ്പിക്കാതെ ക്ലെയിം തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, സ.ഉ(പി) നം 137/2016 ധന തി 9.9.16 , ഖ 4 (Ii) പ്രകാരം ഒരു ഉദ്യോഗസ്ഥൻ തന്റെ അധികാര പരിധിക്ക് പുറത്ത് സംസ്ഥാനത്തിനകത്ത് യാത്ര ചെയ്താൽ ടിയാൾക്ക് സംസ്ഥാനതല ഉദ്യോഗസ്ഥന്റെ സീലിംഗ് ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കാനാവില്ല . സ.ഉ(പി) നം 150/2019 ധന തി 5.11.19 പ്രകാരം ടി.എ .ബിൽ പ്രതിമാസ/ ത്രൈമാസ പരിധി കവിയുന്ന ഏതൊരു ജീവനക്കാരനും അത്തരം ക്ലെയിമുകൾ അംഗീകരിക്കുന്നതിന്

ട്രെയിൻ ടിക്കറ്റിന്റെ ഒറിജിനൽ/ഫ്ലൈറ്റ് ടിക്കറ്റിന്റെ പകർപ്പ് സമർപ്പിക്കേണ്ടതാണ്. ടി.എ പരിധിയിൽ നിന്ന് ഇപ്പോൾ സ്ഥിരമായി ഒഴിവാക്കപ്പെടുകയോ ഒറ്റത്തവണ ഇളവ് നൽകുകയോ ചെയ്തിട്ടുള്ള ജീവനക്കാർക്കും ഇത് ബാധകമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടിക്കറ്റ് സമർപ്പിക്കാത്ത യാത്രയുടെ യാത്രാബത്ത ക്ലെയിമുകൾ അംഗീകരിക്കാവുന്നതല്ല. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ് .

II.ജനപ്രതിനിധികൾക്ക് ദൈനം ദിന യാത്രാബത്തക്ക് അർഹത ഇല്ലാതിരുന്നിട്ടും യാത്രാബത്ത അനുവദിച്ചു .

ജനപ്രതിനിധികൾക്ക് വിവിധ യോഗങ്ങളിൽ പങ്കെടുത്തതിന് തൻവർഷം യാത്രാബത്ത അനുവദിച്ചിട്ടുണ്ട് .

14.8.20 ലെ 4914/P3/2000/ ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ദൈനംദിന കൃത്യ നിർവ്വഹണത്തിനായി സ്വന്തം വാസസ്ഥലത്തു നിന്നും ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് അതിന്റെ ദൈർഘ്യം എത്ര തന്നെ ആയാലും ജനപ്രതിനിധികൾക്ക് യാത്രാബത്തക്ക് അർഹത ഇല്ല . പ്രസ്തുത ചെലവിനു വേണ്ടിയാണ് ഓണറേറിയം നിരക്ക് നിശ്ചയിച്ചിരിക്കുന്നത് .

എന്നാൽ 22.3.24 ലെ 203-ാം നമ്പർ വൗച്ചർ പ്രകാരം ജനപ്രതിനിധികളുടെ യാത്രാബത്തക്കായി 32670/-രൂപ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട് . 32670/-*രൂപയിൽ 5500*/-രൂപ ഔദ്യോഗികാവശ്യത്തിനായുള്ള യോഗങ്ങളിൽ പങ്കെടുത്തതിനാണ്. ശേഷിക്കുന്ന 27170/- രൂപയും സ്വന്തം വാസസ്ഥലത്തു നിന്നും ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് യാത്ര ചെയ്തതിനാണ് നൽകിയത് .

അർഹത ഇല്ലാതിരുന്നിട്ടും ജനപ്രതിനിധികൾക്ക് യാത്രാബത്ത അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, ജനപ്രതിനിധികൾക്ക് മേൽ കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നടത്തിയ ഔദ്യോഗിക മീറ്റിംഗിലും കമ്മറ്റികളിലും പങ്കെടുത്തതിന് മാത്രമേ യാത്രാബത്ത അനുവദിച്ചിട്ടുള്ളൂ എന്നാണ് അറിയിച്ചത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ സർക്കുലർ പ്രകാരം ദൈനംദിന കൃത്യ നിർവ്വഹണത്തിനായി സ്വന്തം വാസസ്ഥലത്തു നിന്നും ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് അതിന്റെ ദൈർഘ്യം എത്ര തന്നെ ആയാലും ജനപ്രതിനിധികൾക്ക് യാത്രാബത്തക്ക് അർഹത ഇല്ല. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ് .

1-10 സി.സി.ടി.വി സ്ഥാപിക്കൽ -സെന്റേജ് ചാർജ്ജ് നൽകി .

പ്രോജക്ട് നമ്പർ : 106

പ്രോജക്ട് മേലടി : സി.എച്ച്.സി യിൽ സി.സി.ടി.വി.സ്ഥാപിക്കൽ

നിർവ്വഹണം : മെഡിക്കൽ ഓഫീസർ സി.എച്ച്.സി

ചെലവ് : 200000/(MG (NR))

ബിൽ നമ്പർ ,തുക 23160763088801141570 / 30.1.24 , 200000/-

സി.എച്ച്.സി മേലടിയിൽ സി.സി.ടി.വി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുള്ളത് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗമാണ്. പൊതുമരാമത്ത് മുഖേന ഡെപ്പോസിറ്റ് വർക്കായിട്ടാണ് മേൽ പ്രവൃത്തി നടത്തുന്നത്. പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (13.12.23 ലെ PWD/BLDG/FL/ 15578/23) കത്തിനോടൊപ്പം 2 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 30.1.24 ലെ 23160763088801141570 BRN പ്രകാരം 200000/-രൂപ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. പ്രവൃത്തി നിർവ്വഹിക്കുന്നതിന് പൊതുമരാമത്ത് വിഭാഗവുമായി കരാർ ചമച്ചിട്ടില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ആവശ്യപ്പെട്ടതു പ്രകാരം സെന്റേജ് തുകയായി (13.78%) 20875.93 രൂപയും ഉൾപ്പെടെയാണ് 2 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് .

പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റുകൾക്ക് സെന്റേജ് ചാർജ്ജ് ഈടാക്കേണ്ടതില്ലെന്ന് 01.2.12 ലെ സ.ഉ.(അ)13/12 /പൊ.മ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള കേരള പബ്ലിക് വർക്ക് ഡിപ്പാർട്ട്മെന്റ് മാന്വലിന്റെ ഖണ്ഡിക 16.1.4 ൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കാതെ സെന്റേജ് ചാർജ്ജ് അടവാക്കിയതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/20.6.24) ലഭ്യമാക്കിയ മറുപടിയിൽ സെന്റേജ് തുക സർക്കാരിലേക്ക് അടക്കേണ്ട തുകയാണെന്ന് പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രോണിക്സ് വിഭാഗം) അറിയിച്ചതിനാലാണ് തുക അടവാക്കിയതെന്ന് അറിയിച്ചിട്ടുണ്ട് . എന്നാൽ മാന്വലിലെ വ്യവസ്ഥ പ്രകാരം പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നിർവ്വഹിക്കുമ്പോൾ എസ്റ്റിമേറ്റിനോടൊപ്പം സെന്റേജ് ചാർജ്ജ് തുക അടവാക്കേണ്ടതില്ല. മാന്വലിലെ വ്യവസ്ഥ പ്രകാരം സെന്റേജ് ചാർജ്ജ് അടയ്ക്കേണ്ടതില്ലെന്ന് പൊതുമരാമത്ത് വകുപ്പിനെ അറിയിച്ച് തുക തിരികെ ഈടാക്കേണ്ടതാണ്. ചെലവു തുക 20876/- രൂപ തടസ്സത്തിൽ വെക്കുന്നു .

## 1-11 സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചില്ല

സി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ " സി.എച്ച് .സി മേലടി ദൈനംദിന ചെലവുകൾ " എന്ന പ്രോജക്റ്റിന് തൻവർഷം 481198/-രൂപ ചെലവഴിച്ചിട്ടുണ്ട് . അതിൽ 62369/-രൂപ Printed Medicine Cover വാങ്ങുന്നതിനായാണ് ചെലവഴിച്ചത് . വിശദാംശം ചുവടെ.

| ബിൽ റഫറൻസ് നമ്പർ | തിയ്യതി | തുക | ഇൻവോയിസ് നമ്പർ | തുക | ആർക്ക് നൽകി |
|---|---|---|---|---|---|
| 23160763088801082628 | 17.1.24 | 84809 | B154 | 24050 | P&R Chethas Associates |
| 23160763088800522484 | 7.9.23 | 136110 | B67 | 24012 | P&R Chethas Associates |
| 23160763088800221645 | 21.6.23 | 44460 | 17 | 14307 | Melady Traders |
| ആകെ | | | | 62369 | |

സ.ഉ.(പി) നം 259/10 ത.സ്വ.ഭ.വ 8.11.10 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ ഉൾപ്പെടുന്നുണ്ട്. ആയതു പ്രകാരം മതിപ്പുവില 50000/- രൂപക്കു മുകളിലും 100000/-രൂപയിൽ താഴെയുമാണെങ്കിൽ ലിമിറ്റഡ് ടെണ്ടർ നടപടിക്രമങ്ങളിലൂടെ വേണം സാധനങ്ങൾ സമാഹരിക്കാൻ . എന്നാൽ ക്വട്ടേഷൻ/ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെയാണ് മേൽ പ്രകാരമുള്ള പേപ്പർ കവറുകൾ വാങ്ങിയത് .

ഇതേ പ്രോജക്ടിൽ മേലടി സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേക്ക് ഒ.പി പ്രവർത്തനത്തിന് ആവശ്യമായ ഒ.പി ടിക്കറ്റുകൾ പ്രിന്റ് ചെയ്ത് എത്തിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും 55000/-രൂപ ഇതിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് .

ഒരേ പ്രോജക്ടിൽ ഉൾപ്പെട്ട സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് വ്യത്യസ്ത വാങ്ങൽ രീതി അവലംബിച്ചതിനും മേൽ പ്രകാരമുള്ള വാങ്ങലിന് ക്വട്ടേഷൻ ക്ഷണിക്കാത്തതിനുള്ള കാരണവും ബോധിപ്പിക്കേണ്ടതാണ് .

## 1-12 ജീവതാളം പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ :65

പ്രോജക്ട് മേലടി :ജീവതാളം

നിർവ്വഹണം : മെഡിക്കൽ ഓഫീസർ സി.എച്ച്.സി

ചെലവ് : 70800/,തനതു ഫണ്ട്

ബിൽ സാങ്ഷൻ നമ്പർ -273/25.3.24, 70800/-

മേലടി സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് 2 അടി വീതിയോടും 3 അടി ഉയരത്തോടും കൂടിയുള്ള 25 എണ്ണം പ്രദർശന ബോർഡുകൾ നിർമ്മിക്കുന്നതിനും ആയത് നിർദ്ദിഷ്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുമാണ് പ്രോജക്ട്. ബോർഡുകൾ നിർമ്മിച്ച് സ്ഥാപിച്ചത് ക്വട്ടേഷൻ നടപടി സ്വീകരിച്ചാണ്. 25 എണ്ണം ബോർഡുകൾ ആണ് നിർമ്മിച്ചത്. എന്ത് ബോർഡ് ആണ് നിർമ്മിച്ചതെന്നും, 25 ബോർഡിന്റെ ആവശ്യകതയും, ആയത് എവിടെയെല്ലാം വിതരണം ചെയ്തു എന്നത് സംബന്ധിച്ച സാക്ഷ്യപത്രവും ഫയലിൽ ഇല്ല. ബോർഡുകൾ നിർമ്മിച്ചത് അസിസ്റ്റന്റ് എഞ്ചിനീയർ വാല്യുവേഷൻ നടത്തിയതിന്റെ രേഖകളും ഫയലിൽ ഇല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല . രേഖകളുടെ അഭാവത്തിൽ ചെലവു തുക 70800/ രൂപ തടസ്സത്തിൽ വെക്കുന്നു .

## 1-13 തദ്ദേശകം ഗൈഡ് -ആവശ്യകത പരിശോധിക്കാതെ വാങ്ങി .

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും വിവരങ്ങൾ ഉൾപ്പെടുത്തി സർക്കാർ അനുമതിയോട് കൂടി "തദ്ദേശകം" എന്ന പേരിൽ ഗ്രാമലക്ഷ്മി മുദ്രാലയം ഗൈഡ് അച്ചടിച്ചിട്ടുണ്ട് . തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 1.12.23 ലെ സ.ഉ. (സാധാ) നം 2372/23/ത.സ്വ.ഭ. വ ഉത്തരവിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ആവശ്യമായ കോപ്പികളുടെ എണ്ണം എത്രയെന്നത് വ്യക്തമാക്കുന്നുണ്ട് . ആയതു പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ ജനപ്രതിനിധികൾ, സെക്രട്ടറി, ജോയിന്റ് ബി.ഡി.ഒ, ഹെഡ് ക്ലർക്ക്, അക്കൗണ്ടന്റ് തുടങ്ങിയ ഉദ്യോഗസ്ഥർക്ക് ഗൈഡ് വിതരണം ചെയ്യാവുന്നതും ഒരെണ്ണത്തിന് 350/ രൂപ നിരക്കിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഈടാക്കാവുന്നതുമാണ് .

ഗൈഡ് വാങ്ങുന്നതിനായി 12.1.24 ലെ 152-ാം നമ്പർ വൗച്ചർ പ്രകാരം 15400/-രൂപ ജി.പി.ജി യിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 13 ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അടക്കം ആകെ 17 പേർക്ക് വിതരണം ചെയ്യേണ്ടതിന് പകരം 44 എണ്ണമാണ് ബ്ലോക്ക് പഞ്ചായത്തിൽ വിതരണം ചെയ്തത് . അതുവഴി 9450/-രൂപ ബ്ലോക്ക് പഞ്ചായത്തിന് അധികം ചെലവഴിക്കേണ്ടി വന്നിട്ടുണ്ട് .

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ മിതവ്യയം പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 വിവിധ ഏജൻസികൾക്ക് തുക നൽകി -പൂർത്തീകരണം,വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

2023-24 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി വ്യത്യസ്ത ഏജൻസികൾക്ക് വ്യത്യസ്ത ആവശ്യങ്ങൾക്കായി തുക നൽകിയിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ചെലവ് തുക/ ഫണ്ടിനം | ബിൽ സാങ്ഷൻ നമ്പർ,തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 88/24 കിഴക്കാലാലോൽ അങ്കണവാടി നം.119 തുറയൂർ ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 500000 (വികസന ഫണ്ട്)) | 103/23-11-23 | അങ്കണവാടി നിർമ്മാണത്തിനായി തുക NREGEA മിഷൻ ഡയറക്ടറുടെ ടി.എസ്.ബി അക്കൗണ്ടിലേക്ക് കൈമാറി. തുക വിനിയോഗിച്ച് അങ്കണവാടി നിർമ്മിച്ചതിന്റെ വിശദാംശം ലഭ്യമല്ല. |
| 2 | 87/24 തലക്കുളത്തൂർ ഇൻക്യുബേഷൻ സെന്ററിന് ബ്ലോക്ക് വിഹിതം നൽകൽ | 100000 (തനത് ഫണ്ട്) | 129/27-12-23 | കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 23-24 വർഷ സംയുക്ത പദ്ധതിയായ തലക്കുളത്തൂർ ഐ. ടി. ഇൻക്യുബേഷൻ സെന്ററിനുള്ള തുക ജില്ലാ പഞ്ചായത്തിന് കൈമാറി. ഐ.ടി. ഇൻക്യുബേഷൻ സെന്ററിന്റെ പൂർത്തീ കര ണ വിവരം, തുകയുടെ കൈപ്പറ്റ്, വിനിയോഗ വിവരം എന്നിവ |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമല്ല. |
| 3 | 12/24<br>സ്നേഹസ്പർശം | 700000<br>(വികസന ഫണ്ട്) | 102/23-11-23 | ജില്ലാ പഞ്ചായത്ത് സംയുക്ത പദ്ധതി യായ സ്നേഹസ്പർശം 23-24 പദ്ധതിക്ക് കോഴിക്കോട് ജില്ലാ പഞ്ചായത്തിന് തുക കൈമാറി . തുകയുടെ കൈപ്പറ്റ്, വിനിയോ ഗവിവരം എന്നിവ ലഭ്യമല്ല. |
| 4 | 47/24<br>ഐ.കെ. എം വിഹിതം കൈമാറൽ | 24761<br>(വികസന ഫണ്ട്) | 54/22-8-23 | ഐ.കെ. എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറി .തുക യുടെ വിനിയോഗ വിവരം ലഭ്യമല്ല. |
| 5 | 109/24<br>കില വനിത ഹോസ്റ്റൽ നിർമ്മാണം | 300000<br>(സി.എഫ്.സി.ഗ്രാന്റ്) | 188/22-3-24 | ഐ.കെ. എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറി .തുക യുടെ വിനിയോഗ വിവരം ലഭ്യമല്ല. |
| 6 | 69/24(SO)<br>തരിപ്പൂർ താഴെ അങ്കണവാടി മേപ്പയ്യൂർ ഗ്രാമ പഞ്ചായത്തിന് തുക കൈമാറൽ | 410471(വികസന ഫണ്ട്)+<br>10000(തനത് ഫണ്ട്) = 420471 | 251/24-3-24<br>249/24-3-24 | മേപ്പയ്യൂർ ഗ്രാമ പഞ്ചായത്തിന് കൈമാറി. തുക വിനിയോഗിച്ച് അങ്കണവാടി നിർമ്മിച്ചതിന്റെ വിശദാംശം ലഭ്യമല്ല. |
| 7 | 71/24 13ാം നമ്പർ അങ്കണവാടി അയിമ്പാടിപ്പാറ മേപ്പയ്യൂർ ഗ്രാമ പഞ്ചായത്തിന് | 60021<br>(വികസന ഫണ്ട്) | 203/24-3-24 | മേപ്പയ്യൂർ ഗ്രാമപഞ്ചായ ത്തിന് |

| | | | | |
|---|---|---|---|---|
| | തുക കൈമാറൽ | | | കൈമാറി.തുക വിനി യോഗിച്ച് അങ്കണ വാടി നിർമ്മിച്ചതിന്റെ വിശദാംശം ലഭ്യമല്ല. |
| | ആകെ | 2105253 | | |

മേൽ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരവും തുകയുടെ വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (3/19-06-24) നൽകിയ മറുപടിയിൽ എല്ലാ പ്രോജക്ടുകളുടെയും വിനിയോഗ സാക്ഷ്യപത്രത്തിന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരവും വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുകയായ 2105253/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-15 ഡെപ്പോസിറ്റ് പ്രവൃത്തികൾ- മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കുന്നില്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും തുകകൾ വിവിധ നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|
| 1 | 107/24 മക്കാട്ട് മുക്ക് നവപ്രഭാ റോഡ് നിർമ്മാണം | 675000(സി.എഫ്.സി ഗ്രാന്റ്) 285/26-3-24 | എക്സിക്യൂട്ടീവ്എഞ്ചിനീയർ. കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട്, പേരാമ്പ്ര |
| 2 | 60/24 മുക്കം കുടിവെള്ള പദ്ധതിക്കായി KSEB ലൈൻ സ്ഥാപിക്കൽ | 62106(വികസന ഫണ്ട്) 1/4-5-23 | കെ.എസ്.ഇ.ബി,തിക്കോടി |
| 3 | 62/24 അരീക്കംചാലിൽ കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കലും വൈദ്യുതീകര ണവും കെ.എസ്.ഇ.ബി ലൈൻ സ്ഥാപിക്കലും | 191000(സി.എഫ്.സി ഗ്രാന്റ്) 154/16-2-24 | കെ.എസ്.ഇ.ബി, അരിക്കുളം |
| | ആകെ | 928106 | |

സ.ഉ.കൈ.നം. 84/2022 എൽ.എസ്.ജി.ഡി തീ. 19-4-22 ഖ.12.2(ഡി) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ. എന്നാൽ ക്രമ നം.1 ഒഴികെയുള്ള മേൽ പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ സെക്രട്ടറി ബന്ധപ്പെട്ട വകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കൂടാതെ ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും മേൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/19-6-24) നൽകിയ മറുപടിയിൽ ക്രമ നം. 2 പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. ക്രമ നം. 3 ന്റെ കാര്യത്തിൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള 64000/- രൂപ കൂടി കെ.എസ്.ഇ.ബി യിൽ അടവാക്കിയ ശേഷം കരാറിൽ ഏർപ്പെടുന്നതാണെന്നറിയിച്ചിരിക്കുന്നു. പൂർത്തിയായ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ചെലവഴിക്കാത്ത തുകയുണ്ടെങ്കിൽ ആയത് നിർവ്വഹണ ഏജൻസികളിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. അതുവരെ ചെലവു തുക 928106/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-16 പി.എം.എ.വൈ ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

സെക്രട്ടറി നടപ്പിലാക്കിയ വിവിധ പി.എം.എ.വൈ ഭവന പദ്ധതി പ്രകാരം 2016-17 മുതൽ എഗ്രിമെന്റ് വെച്ച് ധനസഹായം കൈപ്പറ്റിയ 10 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പഞ്ചായത്ത് | തീയതി | അർഹമായ ധനസഹായം | അവസാന തുക/ കൈപ്പറ്റിയ തീയതി | നാളിതുവരെ കൈപ്പറ്റിയ തുക | പൂർത്തീകരിച്ച സ്റ്റേജ് |
|---|---|---|---|---|---|---|---|
| 1 | ഷിജിന W/O അജീഷ് | തിക്കോടി | 19-02-22 | 400000 | 48000 1-1-24 | 306000 | റൂഫ് |
| 2 | ഷൈനി W/O രാജു | മേപ്പയൂർ | 18-01-2021 | 400000 | 98000 31-01-22 | 210000 | ചുമരുയരം |
| 3 | ജാനു ഒറ്റപ്പിലാവിൽ | മേപ്പയൂർ | 25-9-20 | 400000 | 32000 20-03-17 | 80000 | തറ |
| 4 | സീന പുതിയോട്ടിൽ | കീഴരിയൂർ | -12-2021 | 400000 | 48000 15-03-24 | 208000 | ചുമരുയരം |
| 5 | മോളി.എം.ടി | മേപ്പയൂർ | 7-01-22 | 400000 | 70000 10-11-23 | 38000 | റൂഫ് |
| 6 | കുമാരൻ | മേപ്പയൂർ | 10-02-22 | 400000 | 120000 | 160000 | ചുമരുയരം |

| | | | | | | | |
|---|---|---|---|---|---|---|---|
| | പൂവ്വമുള്ളതിൽ | | | | 24-2-2023 | | |
| 7 | വിജയ നമ്പ്യാറത്ത് | തുറയൂർ | 29-11-21 | 400000 | 70000 10-11-23 | 376000 | റൂഫ് |
| 8 | ചിത്ര | തുറയൂർ | 18-02-22 | 400000 | 48000 15-3-2024 | 194000 | ചുമരുയരം |
| 9 | ജാനു | തുറയൂർ | 25-1-22 | 400000 | 112000 9-11-23 | 376000 | റൂഫ് |
| 10 | ഹരീഷ് കുമാർ | തിക്കോടി | 1-02-22 | 400000 | 48000 1-1-24 | 208000 | ചുമരുയരം |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം 34/2018, ത.സ്വ.ഭ.വ , തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. ഇക്കാര്യം മാതൃകാ കരാറിലെ വ്യവസ്ഥകളായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കരാർ വ്യവസ്ഥ പ്രകാരം വീടുപണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും 12% പലിശ സഹിതം ധനസഹായ തുക തിരികെ ഈടാക്കേണ്ടതാണ് എന്നും വ്യവസ്ഥയുണ്ട്. ക്രമ നം.3 ഗുണഭോക്താവായ ജാനു ഒറ്റപ്പിലാവിൽ എന്നവർ മരണപ്പെട്ടതിനാൽ അവർക്ക് നൽകിയ 80000/- രൂപ തിരികെ ഈടാക്കുന്നതിനായി 25-11-2019 ലെ 5/1 നമ്പർ ഭരണസമിതി തീരുമാന പ്രകാരം അനന്തരാവകാശികളായ 3 സഹോദരിമാർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ക്രമ നം. 2 ഗുണഭോക്താവിൽ നിന്നും തുക ഈടാക്കുന്നതിനായി 14-6-2024 ലെ 8-ാം നമ്പർ ഭരണസമിതി തീരുമാനമെടുത്തതായി എൻക്വയറിക്ക് (2/19-06-24) നൽകിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ക്രമ നം. 5, 6, 7, 9 എന്നീ ഗുണഭോക്താക്കളുടെ കാര്യത്തിൽ നിന്നും റവന്യൂ റിക്കവറി മുഖേന തുക തിരികെ ഈടാക്കുന്നതിന് യഥാസമയം നടപടി സ്വീകരിച്ചിട്ടില്ല.

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണങ്ങൾ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് നൽകിയ മറുപടിയിൽ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

വീട് നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കൾ വിവിധ ഘട്ടങ്ങളിലായി നിർമ്മാണ പുരോഗതിയിലായതിനാലാണ് നാളിതുവരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കാതിരുന്നത്. ഗുണഭോക്താക്കളുടെ സാമ്പത്തിക ബുദ്ധിമുട്ടുകളും വമ്പിച്ച നിർമ്മാണ ചെലവുകളും കാരണമാണ് നിർമ്മാണത്തിന് തടസ്സം നേരിട്ടത്. ഗുണഭോക്താക്കളെ നേരിട്ട് കണ്ട് എത്രയും വേഗം വീട് നിർമ്മാണം പൂർത്തീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ മറുപടി പരിഗണിക്കുന്നു. മേൽ ഭവന നിർമ്മാണങ്ങൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

## 1-17 ലൈബ്രറികൾക്ക് ഫർണ്ണിച്ചറുകൾ വാങ്ങൽ - പ്രൊക്യൂർമെന്റ് മാനദണ്ഡങ്ങൾ പാലിക്കാതെ വാങ്ങി.

താഴെ കൊടുത്തിരിക്കുന്ന പ്രോജക്ട് മുഖേന ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്ത 30 ലൈബ്രറികൾക്ക് ഫർണ്ണിച്ചറുകൾ വാങ്ങി നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 89/24 |
| പ്രോജക്ടിന്റെ പേര് | ലൈബ്രറികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ |
| അടങ്കൽ | 400000 (282802 വികസനഫണ്ട് ജനറൽ+ 117198(തനത് ഫണ്ട് ) |
| ചെലവ് | 400000 (282802 വികസനഫണ്ട് ജനറൽ+ 117198 തനത് ഫണ്ട് ) |
| ബിൽ സാങ്ഷൻ നം/തീയതി | 206/24-3-24<br>177/15-3-24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിച്ച സ്പെസിഫിക്കേഷൻ പ്രകാരം ഫർണ്ണിച്ചറുകൾക്ക് ടെണ്ടർ ക്ഷണിച്ചതിന്റെയടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ടു ചെയ്ത കാഡ്കോ ലിമിറ്റഡിന്റെ ടെണ്ടർ 9-02-24 ലെ 3/1 ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ കാഡ്കോയിൽ നിന്നും ഓഫീസ് ടേബിൾ-1, റീഡിംഗ് ടേബിൾ-1, ഫൈബർ ചെയർ -218, സ്റ്റീൽ അലമാര -28 എന്നിവ വാങ്ങി ലൈബ്രറികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ സ്റ്റീൽ അലമാരയുടെ സ്പെസിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ച പ്രകാരം ഉയരം 168xവീതി 92xനീളം 41cm ആണ്. ആയതു പ്രകാരം 20G ലുള്ള 1 സ്റ്റീൽ അലമാരക്ക് 7442/- രൂപയ്ക്ക് കാഡ്കോയിൽ നിന്നു വാങ്ങുന്നതിനാണ് തീരുമാനിച്ചത്. എന്നാൽ പർച്ചേസ് ബിൽ പരിശോധിച്ചപ്പോൾ ഉയരം 168 സെ.മീ എന്നതിനു പകരമായി 198 സെ.മീ എന്ന സ്പെസിഫിക്കേഷനിൽ ഒന്നിന് 7442/- രൂപ നിരക്കിനു പകരം 8642/- രൂപ നിരക്കിൽ 28 സ്റ്റീൽ അലമാരകൾ വാങ്ങി ലൈബ്രറികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതുവഴി ഈയിനത്തിന് 33600/- (241976-208376) രൂപ അധികമായി ചെലവഴിച്ചിട്ടുമുണ്ട്. ടെണ്ടർ ക്ഷണിച്ചതിൽ നിന്നും വ്യത്യസ്തമായി സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തി അലമാരകൾ

വാങ്ങാനുണ്ടായ സാഹചര്യം എന്താണെന്നത് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ഇപ്രകാരം സ്പെസിഫിക്കേഷൻ വ്യത്യാസപ്പെടുത്തി വാങ്ങുന്നതിന് ഭരണസമിതി, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവയിൽ നിന്നും അംഗീകാരം വാങ്ങിയതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല. സ.ഉ(പി)259/2010LSGD Dt.8-11-2010 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം മുമ്പ് നിശ്ചയിച്ച തുകയിൽ വ്യത്യാസം വരുമ്പോൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ അംഗീകാരം വാങ്ങേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിലും തീരുമാനം രേഖപ്പെടുത്തി കാണുന്നില്ല. ടെണ്ടർ പ്രകാരം ഒരു സാധനം പ്രൊക്യൂർ ചെയ്യാൻ തീരുമാനമെടുത്തശേഷം ഇപ്രകാരം വ്യതിയാനം വരുത്തി സാധനങ്ങൾ വാങ്ങിയത് വഴി ടെണ്ടർ നടപടിക്രമങ്ങൾക്കായി ചെലവഴിച്ച മനുഷ്യാദ്ധ്വാനവും പണവും പാഴായി. 2200542/17-3-24 നമ്പർ വൗച്ചർ പ്രകാരം ടെണ്ടർ പരസ്യം നൽകിയ വകയിൽ ദേശാഭിമാനി പത്രത്തിന് 12995/- രൂപ നൽകിയിട്ടുണ്ട്. ഇതും പാഴായ അവസ്ഥയാണ്.

2.ആവശ്യകത പരിശോധിക്കാതെ സാധനങ്ങൾ വാങ്ങി നൽകി

മിക്കവാറും ലൈബ്രറികൾക്ക് ആവശ്യപ്പെട്ടതിന് അനുസരിച്ചല്ലാതെ 1 അലമാരയും 7 ഫൈബർ ചെയറുമാണ് നൽകിയിരിക്കുന്നത്. ഉദാഹരണമായി തുറയൂർ ജവഹർ സ്മാരക വായനശാല അലമാരക്ക് മാത്രമാണ് ആവശ്യപ്പെട്ടതെങ്കിലും 7 ഫൈബർ ചെയറും കൂടി നൽകിയിട്ടുണ്ട്. മേപ്പയൂർ എം.എസ് നമ്പൂതിരി ഗ്രന്ഥശാല 2 സ്റ്റീൽ അലമാരകൾക്ക് മാത്രമാണ് ആവശ്യപ്പട്ടതെങ്കിലും 7 ഫൈബർ ചെയറും കൂടി നൽകിയിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17 /2023-24 തീയതി 21-06-24) മറുപടി നൽകിയിട്ടില്ല. വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നതുവരെ സ്പെസിഫിക്കേഷൻ വ്യത്യാസപ്പെടുത്തി പ്രൊക്യൂർമെന്റ് നടത്തിയതു വഴി അധികമായിവന്ന ചെലവ് തുകയായ 46595/- രൂപ (12995+33600) തടസ്സത്തിൽ വയ്ക്കുന്നു.

## 1-18 മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി ബ്ലോക്ക് ഓഫീസ് വനിതാ കാന്റീൻ നവീകരണം, ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യം ഒരുക്കൽ, എസ്.സി.ഡി.ഒ -ഐ.സി.ഡി.എസ്-എ.ഇ.ഇ ഓഫീസ് നവീകരണം, എൽ.എസ്.ജി.ഡി -എസ്.സി.ഡി.ഒ കാര്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, സാമൂഹികാരോഗ്യ കേന്ദ്രം അടിസ്ഥാന സൗകര്യ വികസനം, ക്ഷീര വികസന ഓഫീസ് നവീകരണം, സ്മാർട്ട് കോൺഫറൻസ് ഹാൾ, ബ്ലോക്ക് പഞ്ചായത്ത് നവീകരണം, മേലടി സി.എച്ച്.സി നവീകരണം എന്നീ മെയിന്റനൻസ് പദ്ധതികൾ ആസൂത്രണം ചെയ്യുകയും ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യം ഒരുക്കൽ, എസ്.സി.ഡി.ഒ-ഐ.സി.ഡി.എസ് - എ.ഇ.ഇ ഓഫീസ് നവീകരണം എന്നീ പദ്ധതികൾ ഒഴികെയുള്ളവ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ഒരേ ആസ്തിയുടെ പുനരുദ്ധാരണത്തിനായി ഒന്നിൽ കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ആസൂത്രണത്തിലെ അപാകതകൾ മൂലം ഒരേ ആസ്തിയിന്മേൽ എല്ലാ വർഷവും പ്രവൃത്തികൾ നടത്തുന്ന സ്ഥിതിവിശേഷവും സ്ഥാപനത്തിലുണ്ട്.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ആസ്തി | ആസൂത്രണം ചെയ്ത പദ്ധതികൾ |
|---|---|---|
| 2019-20 പുതിയ | സി.എച്ച്.സി | സി.എച്ച്.സി ചുറ്റുമതിൽ നവീകരണം, സി.എച്ച്.സി ഡെന്റൽ ക്ലിനിക്കിന് അടിസ്ഥാന സൗകര്യം, |

| | | |
|---|---|---|
| പദ്ധതികളും സ്പിൽ ഓവർ പദ്ധതികളും | | സി.എച്ച്.സി പഴയ കെട്ടിടം പുനരുദ്ധാരണം, |
| | ബ്ലോക്ക് പഞ്ചായത്ത് | ബ്ലോക്ക് ഓഫീസ് സൗന്ദര്യവത്കരണം, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം, ബ്ലോക്ക് പഞ്ചായത്ത് ഹാളിന് സാനിട്ടറി സംവിധാനം, ബ്ലോക്ക് ഹാൾ പൂർത്തീകരണം |
| 2020-21 പുതിയ പദ്ധതികൾ | സി.എച്ച്.സി | മേലടി സി.എച്ച്.സി നവീകരണം |
| | ബ്ലോക്ക് പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കുടിവെള്ള സൗകര്യങ്ങൾ , ബ്ലോക്ക് പഞ്ചായത്ത് പഴയ കെട്ടിടം പുതിയ കെട്ടിടം ഐ.സി.ഡി.എസ് ഓഫീസ് നവീകരണം |
| 2021-22 പുതിയ പദ്ധതികൾ | സി.എച്ച്.സി | മേലടി സാമൂഹികാരോഗ്യ കേന്ദ്രം നവീകരണം, സി.എച്ച്.സി നവീകരണം |
| | ബ്ലോക്ക് പഞ്ചായത്ത് | ബ്ലോക്ക് ഓഫീസ് ശുചിത്വ സംവിധാനം, ബ്ലോക്ക് ഓഫീസ് നവീകരണം |
| 2022-23 പുതിയ പദ്ധതികൾ | സി.എച്ച്.സി | സാമൂഹികാരോഗ്യ കേന്ദ്രം അടിസ്ഥാന സൗകര്യ വികസനം, |
| | ബ്ലോക്ക് പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ പാനലിംഗ് |
| 2023-24 പുതിയ പദ്ധതികൾ | സി.എച്ച്.സി | ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യം ഒരുക്കൽ, മേലടി സി.എച്ച്.സി നവീകരണം |
| | ബ്ലോക്ക് പഞ്ചായത്ത് | ബ്ലോക്ക് ഓഫീസ് വനിതാ കാന്റീൻ നവീകരണം, സ്മാർട്ട് കോൺഫറൻസ് ഹാൾ, ബ്ലോക്ക് പഞ്ചായത്ത് നവീകരണം |

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ മെയിന്റനൻസ് പ്രവൃത്തികൾ മുൻഗണനാ ക്രമത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഘടക സ്ഥാപന മേധാവി കത്ത് മുഖേന ഭരണസമിതിയെ അറിയിക്കുന്ന മുറക്കാണ് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിന് പുറത്തുള്ള ഘടക സ്ഥാപനങ്ങളുടെ ആസ്തി പുനരുദ്ധാരണ പ്രവൃത്തികൾ ആസൂത്രണം ചെയ്യപ്പെടുന്നത്. ആസ്തികളുടെ നിർമ്മാണം, പരിപാലനം, കയ്യൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി പ്രവൃത്തികൾക്ക് മുൻഗണനാക്രമം പാലിച്ചില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. 20.01.17 ലെ ജി.ഒ.(ആർ.ടി)1652/15/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വലിലെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ (ഖണ്ഡിക 7-6) വീഴ്ചയുണ്ടായിട്ടുണ്ട്.

സ.ഉ.(കൈ) നം.84/തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ

സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്. പഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ബ്ലോക്ക് പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ ആസ്തികളുടെ മെയിന്റനൻസ് സംബന്ധിച്ച് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ ആസൂത്രണം ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മിനുട്സ് പരിശോധിച്ചതിൽ നിന്നും സി.എച്ച്.സി, എസ്.സി.ഡി.ഒ, ഐ.സി.ഡി.എസ്, എ.ഇ.ഇ എന്നിവരുടെ കാര്യാലയങ്ങളിലെ നവീകരണ പ്രവൃത്തികളാണ് യോഗത്തിൽ ആസൂത്രണം ചെയ്തതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തികളുടെ മുൻഗണനയും നിശ്ചയിക്കപ്പെട്ടിട്ടില്ല. ഒരേ ആസ്തിയിന്മേൽ ഒന്നിൽ കൂടുതൽ പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം മെയിന്റനൻസ് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

## 1-19 ഉയർന്ന നിരക്കിലുള്ള ഇനം ഉപയോഗപ്പെടുത്തി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ കളങ്കോളി തോട് കീഴരിയൂർ ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിയുടെ ( പ്രൊ.നം 26/24 So) എസ്റ്റിമേറ്റിൽ അടിത്തട്ടിൽ കരിങ്കല്ല് പതിക്കുന്ന ഇനവും ഉൾപ്പെടുത്തിയിട്ടുണ്ട്. (DR PACKING FOR APRONS- DAR 60.7.4). തോട് സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കിയ പ്രസ്തുത ഇനത്തിന്റെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. DR Masonry ക്ക് ഉപയോഗിക്കുന്ന OD Irrigation ലെ ഐറ്റം 60.7.1 ലെ നിരക്കിനേക്കാൾ ഉയർന്ന നിരക്കായ 60.7.4 ആയ DR PACKING FOR APRONS എന്ന ഇനമാണ് Paving ന് ഉപയോഗിച്ചിട്ടുള്ളത്.

60.7.4 ആയ DR PACKING FOR APRONS എന്ന ഇനത്തിന്റെ വിവരണം പരിശോധിച്ചാൽ

"Packing To Compactness To Lines Levels, Cost And Conveyance Of All Materials" എന്ന വിധം കരിങ്കൽ അടുക്കി പണിയുന്നതിനുള്ള ഇനമാണെന്ന് കാണാം. 60.7.2 പ്രകാരമുള്ള "DR Packing Under Foundation" എന്നയിനം ഉപയോഗപ്പെടുത്താതെ 60.7.4 ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. നിരക്കിൽ വൻവ്യത്യാസമുണ്ടെങ്കിലും കരാറുകാരൻ കുറഞ്ഞ തുക ക്വാട്ട് ചെയ്തതിനാൽ 7418/- രൂപയുടെ അധിക ചെലവ് മാത്രമെ സ്ഥാപനത്തിനുണ്ടായിട്ടുള്ളൂ. വിശദാംശം ചുവടെ ചേർക്കുന്നു.

| 60.7.4 പ്രകാരം നിർവ്വഹിച്ച പ്രവൃത്തി യുടെ അളവും കരാർ തുകയും | കരാറുകാരന് നൽകിയ തുക (GST ഉൾപ്പെടെ ) | 60.7.2 പ്രകാരം നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ട തുക (2622.81 രൂപ നിരക്കിൽ GST ഉൾപ്പെടെ ) | അധിക ചെലവ് |
|---|---|---|---|
| 20.025 ക്യൂബിക് മീറ്റർ 2936.76 രൂപ | 69394.17 | 61975.68 | 7418 |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ അപാകത മനപൂർവ്വം അല്ലായിരുന്നുവെന്നും അധികമായി ചെലവഴിച്ച 7418/- രൂപ പഞ്ചായത്ത് ഫണ്ടിൽ തിരികെ അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികമായ ചെലവഴിച്ച 7418/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതും തോട് നവീകരണ പ്രവൃത്തികളിൽ DR PAVING ന്റെ അനിവാര്യത വ്യക്തമാക്കേണ്ടതുമാണ്.

## 1-20 ആസ്തി അതിരുകൾ ഉറപ്പാക്കാതെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ താത്കാലികമായി ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്ന സംഗതികളിൽ ആസ്തികളുടെ അതിരുകൾ തിട്ടപ്പെടുത്താതെ പദ്ധതികൾ ആസൂത്രണം ചെയ്ത് സൈറ്റ് കരാറുകാരന് കൈമാറുന്നുണ്ട്. മേൽ സാഹചര്യങ്ങളിൽ സൈറ്റ് സംബന്ധിച്ച അവ്യക്തത കാരണം എസ്റ്റിമേറ്റോ പദ്ധതിയോ ഭേദഗതി ചെയ്യേണ്ട സാഹചര്യം ഉണ്ടാകുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. വിളയാട്ടൂർ ഗവ.എൽ.പി സ്കൂളിൽ ടോയ്ലറ്റ് കോംപ്ലക്സ്

06.04.2022 ലെ 3/2 നമ്പർ ഭരണസമിതി തീരുമാനം ചുവടെ ചേർക്കുന്നു.

2022-23 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെട്ട വിളയാട്ടൂർ ഗവ.എൽ.പി സ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം എന്ന പ്രവൃത്തിയിൽ നിർമ്മിതിയിൽ മാറ്റം അനിവാര്യമാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 04/04/22 ലെAE/LSGD/MBP/Plan/2023 നമ്പർ കത്ത് പ്രകാരം അറിയിച്ചത് ചർച്ച ചെയ്തു. നിയമപരമായ കാര്യങ്ങൾ പരിശോധിച്ച് അടങ്കൽ തുകയിൽ മാറ്റമില്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായ സ്കൂളിൽ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിക്കുവാൻ പദ്ധതി ആസൂത്രണം ചെയ്യുകയും ടെണ്ടർ നടപടികൾക്ക് ശേഷം സൈറ്റ് കരാറുകാരന് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതിർത്തി സംബന്ധിച്ച അവ്യക്തതകൾ കാരണം പ്രവൃത്തി ഭേദഗതി ചെയ്ത് നിർവ്വഹിക്കുകയാണുണ്ടായത്. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ അതിർത്തി തർക്കം കാരണം ചുറ്റുമതിൽ നിർമ്മിക്കുന്ന ഇനങ്ങൾ ഒഴിവാക്കിയാണ് പ്രവൃത്തി നിർവ്വഹിക്കുന്നതെന്ന് പരാമർശിച്ചിട്ടുണ്ട്.

2. കൊപ്രകണ്ടം മാളാംതോട് പ്രവൃത്തി.

05.12.2023 ലെ 5/3 നമ്പർ ഭരണസമിതി തീരുമാനം ചുവടെ ചേർക്കുന്നു.

മേലടി ബ്ലോക്ക് പഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന " കൊപ്രാക്കണ്ടം മാളാംതോട് കുനി ഡ്രൈനേജ് " എന്ന പ്രവൃത്തിയുടെ ചെയിനേജ് 100 മുതൽ 135 വരെയുള്ള ഭാഗത്ത് കയ്യേറ്റം ഉണ്ടെന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി ഭാഗത്തുള്ള കൈയ്യേറ്റം ഒഴിപ്പിച്ച് പ്രവൃത്തി നടത്തുന്നതാണെന്ന് തിക്കോടി ഗ്രാമപഞ്ചായത്ത് ഭരണസമിതി 25-11-2023 ലെ 2(1) നമ്പർ തീരുമാന പ്രകാരം അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡ്രൈനേജിന്റെ കയ്യേറ്റം ഇല്ലാത്ത ഭാഗമായ ചെയിനേജ് 135 മുതൽ പ്രവൃത്തി നടത്തുന്നതിന് തീരുമാനിച്ചു. തുടർ നടപടികൾക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

പദ്ധതി പ്രകാരം പ്രവൃത്തി ആസൂത്രണം ചെയ്ത ചെയിനേജിൽ സ്വകാര്യവ്യക്തിയുടെ കയ്യേറ്റമുണ്ടായതിനാൽ പ്രസ്തുത ചെയിനേജിൽ പ്രവൃത്തി ഒഴിവാക്കി തുടർ ചെയിനേജിലേക്ക് മാത്രമായി പ്രവൃത്തി ഭേദഗതി ചെയ്തു. കയ്യേറ്റമുണ്ടായ ചെയിനേജിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തി ആസൂത്രണം ചെയ്ത് നടപ്പാക്കുമെന്ന് ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചിരുന്നുവെങ്കിലും സൈറ്റ് പരിശോധനയിൽ ഗ്രാമപഞ്ചായത്ത് കയ്യേറ്റം ഒഴിവാക്കുകയോ പ്രവൃത്തി നടത്തുകയോ ചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ചിത്രം

ചുവടെ ചേർക്കുന്നു.





3. ചങ്ങരംവെള്ളി കുളം നവീകരണം

01.01.2024 ലെ 7/1 നമ്പർ ഭരണസമിതി തീരുമാനം ചുവടെ ചേർക്കുന്നു.

മേലടി ബ്ലോക്ക് എൽ.ഐ ഡി&ഇ.ഡബ്ല്യൂ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 27/12/2023 ലെ എ.ഇ.ഇ/എംബിപി/2023 നമ്പർ കത്ത് പ്രകാരം, പ്രൊജക്റ്റ് നമ്പർ: 28/2023 ചങ്ങരംവെള്ളി കുളം നവീകരണം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സ്ഥലം പരിശോധിച്ചപ്പോൾ ആധാരത്തിൽ പറഞ്ഞിരിക്കുന്ന സ്ഥലവും അതിരും മെമ്പറുടെയും പ്രദേശവാസികളുടെയും സാന്നിധ്യത്തിൽ കാണിച്ചു തന്നിരിക്കുന്ന അളവും അതിരും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു. ആയതു ഭരണസമിതി വിശദമായി ചർച്ച ചെയ്തു. പ്രസ്തുത സ്ഥലം മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെയും സാങ്കേതിക വിദഗ്ദരുടെയും സാന്നിധ്യത്തിൽ പരിശോധിച്ച് വ്യക്തത വരുത്തുന്നതിന് തീരുമാനിച്ചു. തുടർ നടപടികൾക്ക് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

അതിരുകൾ സംബന്ധിച്ച അവ്യക്തതകൾ കാരണം പദ്ധതി നിർവ്വഹണത്തിൽ കാലതാമസമുണ്ടായിട്ടുണ്ട്. തോടുകളുടെ സംരക്ഷണ പ്രവൃത്തികൾ ആസൂത്രണം ചെയ്യുമ്പോൾ FMB പ്രകാരമോ, ആസ്തി രജിസ്റ്റർ പ്രകാരമോ ഉള്ള യഥാർത്ഥ വീതി വീണ്ടെടുക്കുന്നതിന് പകരം ഒരു നിശ്ചിത വീതി കണക്കാക്കി ആയതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവണതയാണ് സ്ഥാപനത്തിൽ നിലനിൽക്കുന്നത്. കൊപ്രകണ്ടം മാളാംതോടിന്റെ കാര്യത്തിൽ നിർമ്മാണ പ്രവൃത്തികൾ നടത്തിയ തോടിന്റെ ഇടത് വശത്തായി സ്വകാര്യ വ്യക്തികളുടെ അതിരിൽ നിന്നും അധികമായി ഭൂമി ലഭ്യമാണെന്നത് സൈറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് പരിഗണിക്കാതെ തോടിന്റെ വീതി 1 മീറ്ററിൽ താഴെയായി പരിമിതപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ആസ്തികളുടെ അതിരളവുകൾ

തിട്ടപ്പെടുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ വീഴ്ചയുണ്ടായി. ആസൂത്രണത്തിലെ അപാകത മൂലം വിഭാവനം ചെയ്ത ആസ്തിയുടെ സംരക്ഷണം പൂർണ്ണമായ അർത്ഥത്തിൽ സാധ്യമായില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ കൊപ്രകണ്ടം മാളാംതോട് പ്രവൃത്തി, വിളയാട്ടൂർ ഗവ.എൽ.പി സ്കൂളിൽ ടോയ്‌ലറ്റ് കോംപ്ലക്സ് എന്നീ പ്രവൃത്തികളുടെ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി അല്ലാത്തതിനാൽ കയ്യേറ്റം ഒഴിപ്പിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണെന്നും കൊപ്രകണ്ടം മാളാംതോടിന്റെ കാര്യത്തിൽ കയ്യേറ്റമുള്ള ഭാഗത്ത് കയ്യേറ്റം ഒഴിപ്പിച്ച് സംരക്ഷണ ഭിത്തി നിർമ്മിച്ചാൽ മാത്രമെ പദ്ധതി ലക്ഷ്യം കൈവരിക്കാനാകൂ എന്ന് അറിയിച്ചിട്ടുണ്ട്. ചങ്ങരംവള്ളിക്കുളം രജിസ്റ്റർ ചെയ്തപ്പോൾ ആധാരത്തിൽ ദിശകൾ മാറിപ്പോയതാണെന്നും ആയത് ഇപ്പോൾ പരിഹരിച്ച് പ്രവൃത്തി കരാർ വച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൊപ്രകണ്ടം മാളാംതോടിന്റെ കാര്യത്തിൽ മധ്യ ഭാഗത്ത് മാത്രമെ അധിക വീതി ലഭ്യമായിട്ടുള്ളൂ എന്നും തുടക്കത്തിലും ഒടുക്കത്തിലും നിലവിലുള്ള വീതി മാത്രമെ ലഭ്യമായിട്ടുള്ളൂ എന്നുമാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടിയിൽ പരാമർശിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഒന്നും തന്നെ മറുപടിക്കൊപ്പം ലഭ്യമാക്കിയിട്ടില്ല. എഫ്.എം.ബി, ആസ്തി രജിസ്റ്റർ എന്നിവയുടെ അഭാവത്തിൽ ഇൻലെറ്റ്, ഔട്‌ലെറ്റ് എന്നിവയുടെ വീതി തിട്ടപ്പെടുത്തിയത് എങ്ങനെയെന്നത് വ്യക്തമല്ല .

ഗ്രാമപഞ്ചായത്തിൽ നിന്നും ആസ്തികൾ താത്കാലികമായി ഏറ്റെടുത്ത് പ്രവൃത്തി നിർവ്വഹിക്കുന്ന സാഹചര്യങ്ങളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ആസ്തിയുടെ അളവ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതും രേഖകൾ പ്രകാരമുള്ള അളവിന് അനുസൃതമായി പ്രവൃത്തികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. കൊപ്രകണ്ടം മാളാംതോടിന്റെ അളവ് സംബന്ധിച്ച രേഖകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കി പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 എം.ആർ.എഫ് സൈറ്റിലെ മണ്ണ് നീക്കം ചെയ്യൽ- നടപടി ക്രമങ്ങളിൽ വീഴ്ച

പ്രൊജക്ട് നം.95/23 പ്രകാരം ആസൂത്രണം ചെയ്ത എം.ആർ.എഫ് സെന്ററിന് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി 2023-24 സാമ്പത്തിക വർഷത്തിൽ 80/24 നമ്പറായി നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. കീഴരിയൂർ ഗ്രാമപഞ്ചായത്തിലെ മീറോട് മലയുടെ മുകൾ ഭാഗത്താണ് എം.ആർ.എഫ് സ്ഥാപിക്കുന്നത്. ദീർഘമായ കയറ്റമുള്ള മൺറോഡാണ് പ്ലോട്ടിലേക്ക് നിലവിലുള്ള വഴി. പ്രവൃത്തി ആരംഭിക്കുന്നതിന് മുന്നോടിയായി സൈറ്റ് ഒരുക്കുന്നതിനായി ലേല നടപടികൾ സ്വീകരിക്കുകയും

സൈറ്റിൽ നിന്നും മണ്ണെടുത്ത് മാറ്റുകയും ചെയ്തിട്ടുണ്ട്. മണ്ണിന്റെ പ്രാരംഭ വില കണക്കാക്കിയതിലും മണ്ണെടുത്ത് മാറ്റിയ പ്രവൃത്തിയുടെ മോണിറ്ററിംഗിലും അപാകതകളുണ്ടായിട്ടുണ്ട്. ഇതുമൂലം ബ്ലോക്ക് പഞ്ചായത്തിനും സർക്കാരിനും സാമ്പത്തിക നഷ്ടമുണ്ടാകുകയും അനധികൃത ധാതുഖനനത്തിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

03.01.2023 തിയ്യതിയിലെ ഭരണസമിതി 3/1 നം. തീരുമാന പ്രകാരം സൈറ്റിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ മൂല്യം നിജപ്പെടുത്തുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ഭൂമി നിരപ്പാക്കുന്നതിനായി സൈറ്റിൽ നിന്നും 1200 ഘനമീറ്റർ മണ്ണ് കുഴിച്ചെടുത്ത് നീക്കം ചെയ്യണമെന്നും മണ്ണിന്റെ വില 277860/- രൂപയാണെന്നും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള കൂലി 241584/- രൂപയാണെന്നും റോയൽറ്റി 48000/- രൂപയാണെന്നും പ്രാരംഭ വില 36276/- രൂപ നിശ്ചയിച്ച് ലേലം ചെയ്യാവുന്നതാണെന്നും 03.02.2023 ലെ എ1/5/2023/AEE/MBP നമ്പർ കത്ത് മുഖേന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. 09.02.2023 തിയ്യതിയിൽ സെക്രട്ടറി ഡി.2198/2022 നമ്പറായി ലേലപരസ്യം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 17.02.2023 തിയ്യതിയിൽ സെക്രട്ടറി മേലടി ബ്ലോക്ക്പഞ്ചായത്ത് ഹാളിൽ വെച്ച് നടത്തിയ ലേലത്തിൽ 51000/- രൂപ ക്വാട്ട് ചെയ്ത രമേശൻ.ടി.കെ , കുളത്തിന്റെ മീത്തൽ എന്നവർക്ക് ലേല തുകക്ക് പുറമെ 18% ജി.എസ്.ടി യും 48000/- രൂപ റോയൽറ്റി ഇനത്തിലും അടവാക്കണമെന്ന നിബന്ധനയോടെ സെക്രട്ടറിയുടെ 21.02.2023 ലെ ഡി.2198/2022 നമ്പർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ 1200 ഘനമീറ്റർ മണ്ണ് കുഴിച്ചെടുത്ത് നീക്കം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 60180/- രൂപ കരാറുകാരൻ 17.02.2023, 22.02.2023 തിയ്യതികളിലായി ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. സെക്രട്ടറിക്ക് വേണ്ടി റോയൽറ്റി ഇനത്തിൽ 48000/- രൂപ ലേലം കൊണ്ടയാൾ ജിയോളജി വകുപ്പിൽ നേരിട്ട് അടവാക്കിയതായി സ്ഥാപനം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. 17.02.2023 ലെ ലേല നടപടികൾ അതേ തിയ്യതിയിലെ ഭരണസമിതി യോഗത്തിൽ അംഗീകരിക്കുകയും തുടർ നടപടികൾക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. (തീരുമാനം നം 2/1).07.02.2023, 21.02.2023 തിയ്യതികളിലെ സെക്രട്ടറിയുടെ അപേക്ഷകൾ പരിഗണിച്ച് കോഴിക്കോട് ജില്ലാ ജിയോളജിസ്റ്റ് 03.03.2023 ലെ 243/2022-23/OE/DOKOZ-DMG/246/2023-M നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടറിക്ക് 342 മിനറൽ പാസുകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മണ്ണ് ഖനനവുമായി ബന്ധപ്പെട്ട്

ബാലകൃഷ്ണൻ കടുക്കാങ്കിയിൽ എന്നവരുടെ പരാതിയിന്മേൽ (നം.54/2023 E) 27.04.2023 തിയ്യതിയിൽ ലോകായുക്ത സെക്രട്ടറിക്ക് നോട്ടീസ് അയച്ചിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 06.06.2023 തിയ്യതിയിലെ എ1/5/2023/AEE/MBP കത്ത് പ്രകാരം കരാറുകാരൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിക്കാതെ മണ്ണ് നീക്കം ചെയ്തെന്നും 16.06.2023 തിയ്യതിയിൽ ഇതേ നമ്പർ കത്തിൽ 850 ഘനമീറ്റർ മണ്ണ് കരാറുകാരൻ അധികമായി ഖനനം ചെയ്തിട്ടുണ്ടെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ഘനമീറ്ററിന് 231.55 രൂപ നിരക്കിൽ 196817.5 രൂപ മൂല്യമുള്ള മണ്ണാണ് അധികമായി ഖനനം ചെയ്തതെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലാ ജിയോളജിസ്റ്റിന്റെ 01.08.2023 ലെ DOKOZ-DMG/972/2023-M നമ്പർ ഡിമാന്റ് നോട്ടീസിൽ അധികമായി ഖനനം ചെയ്ത മണ്ണിന്റെ വിലയായി റോയൽറ്റിയുടെ നാലിരട്ടിയായ 272000 രൂപയും (ഘന മീറ്ററിന് 4x80=320 നിരക്കിൽ) റോയൽറ്റി ഇനത്തിൽ 68000/- രൂപയും കോംപൗണ്ടിംഗ് ഫീ ഇനത്തിൽ 25000/- രൂപയും ഉൾപ്പെടെ ആകെ 365000/- രൂപ പിഴയായി അടവാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. നോട്ടീസിനെ തുടർന്ന് 365000/- രൂപ അടവാക്കുന്നതിന് സെക്രട്ടറി 07.08.2023 ൽ കരാറുകാരന് നോട്ടീസ് നൽകുകയും 16.10.2023 കരാറുകാരൻ ലഭ്യമാക്കിയ മറുപടിയിൽ പ്ലോട്ടിൽ നിന്നും 1200 ഘനമീറ്റർ മണ്ണ് മാത്രമെ നീക്കം ചെയ്തിട്ടുള്ളൂ എന്നും അധികമായി നീക്കം ചെയ്ത മണ്ണിന്റെ കാര്യത്തിൽ കരാറുകാരന് ഉത്തരവാദിത്തമില്ലെന്നും സെക്രട്ടറിക്ക് മറുപടി നൽകിയിട്ടുണ്ട്. 08.08.2023 തിയ്യതിയിൽ സെക്രട്ടറി ജില്ലാ ജിയോളജിസ്റ്റിന് നൽകിയ അപ്പീൽ നിരസിക്കുകയും 03.10.2023 തിയ്യതിയിൽ ഡിമാന്റ് നോട്ടീസ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 30.10.2023 തിയ്യതിയിൽ സെക്രട്ടറി കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ അനധികൃതമായി മണ്ണ് ഖനനം ചെയ്തവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് പരാതി നൽകിയിട്ടുള്ളതുമാണ്.

സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ചുമതലാ നിർവ്വഹണത്തിൽ വരുത്തിയ വീഴ്ചകളാണ് അപാകങ്ങൾക്ക് കാരണമായിട്ടുള്ളത്. വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്റെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഓഡിറ്റ് അന്വേഷണ കുറിപ്പ് പ്രകാരം ആവശ്യപ്പെട്ട വിവര | 25.06.2024 തിയ്യതിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | മറുപടിയിന്മേലുള്ള ഓഡിറ്ററിന്റെ അഭിപ്രായം |
|---|---|---|---|

| | | | |
|---|---|---|---|
| | ങ്ങളും രേഖകളും | എഞ്ചിനീയറുടെ ഇ-മെയിൽ മുഖേനയുള്ള മറുപടി. | |
| 1 | DSoR പ്രകാരമുള്ള മണ്ണിന്റെ വില കണക്കാക്കി അതിൽ നിന്നും ഖനനം ചെയ്ത് നീക്കം ചെയ്യുന്ന തിനുള്ള DSoR 2.6.1 പ്രകാരമുള്ള തുക കുറവ് ചെയ്ത് ലഭിക്കുന്ന തുകയാണ് പ്രാരംഭ വിലയായി കണക്കാക്കിയിട്ടു ള്ളത്. ഒരു ഘനമീറ്റർ മണ്ണിന് 231.55 രൂപയും ആയത് നീക്കം ചെയ്യുന്ന തിന് 201.32 രൂപയും കണക്കാ ക്കുമ്പോൾ പഞ്ചായത്തിന് ലഭി ക്കുന്നത് 30.23 രൂപ മാത്രമാണ്. കോഴിക്കോട് ജില്ലാ ജിയോളജി സ്റ്റിന്റെ 01.08.2023 ലെ DOKOZ-DMG/972/2023-M നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം ഘന മീറ്ററിന് 320 നിരക്കിലാണ് സാധാരണ മണ്ണിന്റെ വില കണ ക്കാക്കിയിട്ടുള്ളത് എന്നത് ഇവി ടെ പ്രസക്ത മാണ്. ഖനനം ചെയ്യു ന്നതിനുള്ള തുക കിഴിവ് ചെയ്യു മ്പോൾ ഫലത്തിൽ 2.6.1 പ്രകാര മുള്ള പ്രവൃത്തിയുടെ നിർവ്വഹണം കരാറുകാരനെ | DSoR 2.6.1 പ്രകാരം അംഗീകൃത നിരക്കിലാണ് പ്രവൃത്തി നിർവ്വഹിച്ചതെന്നും ഓർഡിനറി സോയിലി നേക്കാൾ കടുപ്പമുള്ള മണ്ണായിരുന്ന സാഹചര്യ ത്തിലും കുറഞ്ഞ നിരക്കിലുള്ള ഇനമാണ് ഉപയോഗിച്ചതെന്നും അറിയി ച്ചിട്ടുണ്ട്. DSR പ്രകാരം മാത്രമെ മണ്ണിന്റെ മൂല്യം കണക്കാക്കുവാൻ കഴിയു കയുള്ളൂ എന്നും മറുപടി യിൽ പരാമർശിച്ചിട്ടുണ്ട്. മണ്ണ് ഖനനം ചെയ്ത് സംഭരിക്കാനുള്ള സൗകര്യം സൈറ്റിൽ ലഭ്യമല്ലായി രുന്നെന്നും മറുപടിയിൽ പരാമർ ശിച്ചിട്ടുണ്ട്. ജില്ലാ ജിയോളജിസ്റ്റ് ഘന മീറ്ററിന് 320/- രൂപ നിര ക്കിൽ മണ്ണിന്റെ മൂല്യം നിശ്ചയിച്ച് നൽകിയതെങ്ങനെയെന്നത് വ്യക്തമല്ലെന്നും പരാമർശി ച്ചിരിക്കുന്നു. | ലേലം ചെയ്യുന്ന സാഹച ര്യത്തിൽ കരാറുകാരന്റെ വാടക, കൂലി ,വാട്ടർ ചാർജ്ജ് ഉൾപ്പെടെയുള്ള ചെലവുകൾ പരിഗണിച്ചത് ശരിയായ രീതിയല്ല. കരാറുകാരന്റെ ചെലവുകളിൽ ഖനനം ചെയ്ത മണ്ണ് സ്റ്റാക്ക് ചെയ്യുന്നതിനും ലെവൽ ചെയ്യുന്നതിനുമുള്ള തുക പരിഗണിച്ചിട്ടുണ്ട്. മണ്ണ് നീക്കം ചെയ്യുന്ന സാഹചര്യത്തിൽ ആയത് ആവശ്യമില്ലാത്തതാ യിരുന്നു. DSR പ്രകാരമുള്ള നിരക്ക് നിശ്ചയിച്ചും എസ്റ്റിമേറ്റ് തയ്യാറാക്കി യുമാണ് പ്രവൃത്തി നിർവ്വ ഹിച്ചിട്ടുള്ളത്. മേൽ സാഹ ചര്യത്തിൽ ടെണ്ടർ ക്വട്ടേ ഷൻ നടപടികൾ കൈക്കൊള്ളാതെ ലേല നടപടികൾ സ്വീകരി ച്ചതിന്റെ സാംഗത്യം വ്യക്തമല്ല. |

| | | | | |
|---|---|---|---|---|
| | | ചുമതലപ്പെടുത്തി യതായി കണക്കാക്കേണ്ടി വരും . മേൽ പ്രവൃത്തി ലേല നടപടി കളിലൂടെ ഏൽപ്പിച്ച് നൽകുന്നത് ഉചിതമല്ല. 2.6.1 പ്രകാരമുള്ള ഇന ത്തിന്റെ നിർവ്വചനത്തിൽ Disposed Earth To Be Levelled And Neatly Dressed എന്നും പരാമർശിച്ചതായി കാണുന്നു. ഇനത്തിൽ Hydraulic Excavator (3D) With Driver And Fuel , Hire And Running Charges Of Loader, Labour Mate,Labour Coolie എന്നിവയുടെ തുകയാണ് ഉൾപ്പെ ട്ടിട്ടുള്ളത്. Labour ഇനത്തിലെ ചെലവുകളുടെ പ്രസക്തി വ്യക്തമാ ക്കേണ്ടതാണ്. മണ്ണിന്റെ മാർക്കറ്റ് നിരക്ക് പരിശോധിക്കാതെ DsoR പ്രകാരം നിരക്ക് നിശ്ചയിച്ച നടപടി സ്ഥാപനത്തിന് ലാഭകര മായിട്ടില്ല. | | |
| | 2 | കോഴിക്കോട് ജില്ലാ ജിയോള ജിസ്റ്റ് 03.03.2023 ലെ 243/ 2022-23/OE/DOKOZ-DMG/ 246/2023-M നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടറിക്ക് | സെക്രട്ടറി മറുപടി ലഭ്യമാക്കി യിട്ടില്ല. എക്സിക്യൂട്ടീവ് എഞ്ചിനീ യറുടെ മറുപടിയിൽ മണ്ണ് ഖനന ത്തിന് ജിയോളജി വകുപ്പിൽ നിന്നും അനുമതി ലഭ്യമായതോ, | പാസ്സ് സംബന്ധിച്ച വിശദാംശങ്ങൾ , രജിസ്റ്റർ എന്നിവ സെക്രട്ടറി ഓഡിറ്റിന് ലഭ്യമാക്കേ ണ്ടതാണ്. |

| | | | |
|---|---|---|---|
| | 06.03.2023 മുതൽ 25.03.2023 വരെ മാത്രം പ്രാബല്യമുള്ള 342 മിനറൽ പാസുകൾ സെക്രട്ടറിക്ക് അനുവദിച്ചിട്ടുണ്ട്. പാസ് നൽകുന്നതും മണ്ണ് നീക്കം ചെയ്യുന്നതും സംബന്ധിച്ച രജിസ്റ്റർ സെക്രട്ടറി സൂക്ഷി ക്കേണ്ടതുണ്ട്. മേൽ സാഹച ര്യത്തിൽ രജിസ്റ്റർ പരിശോ ധനക്ക് ലഭ്യമാക്കേണ്ടതും കരാറുകാരന് ഏതെല്ലാം ദിവസങ്ങളിൽ എത്ര വീതം പാസുകളാണ് അനുവദിച്ചതെന്നും പാസുകൾ മോണിറ്ററിംഗ് ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയത് രേഖാമൂലം അറിയിക്കേണ്ടതുമാണ്. | പാസ്സ് ഇഷ്യൂ ചെയ്തതോ സംബന്ധിച്ച യാതൊരു വിവരവും സെക്രട്ടറി ലഭ്യമാക്കിയിട്ടില്ലെന്നും കരാറു കാരൻ എക്സിക്യൂട്ടീവ് എഞ്ചിനീ യറെ അറിയിക്കാതെയാണ് മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി ആരംഭിച്ചതെന്നും അറിയിച്ചിട്ടുണ്ട്. | |
| 3 | മണ്ണ് എടുത്ത് മാറ്റുന്ന പ്രവൃത്തിയുടെ മോണിറ്ററിംഗ് സെക്രട്ടറി ഉത്തരവ് മുഖേനയും ഭരണ സമിതി തീരുമാന പ്രകാരവും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതല പ്പെടുത്തിയിട്ടുള്ളതാണ്. മേൽ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ചയുണ്ടായതാണ് അപാകത്തിന് കാരണമായത്. ചുമതല | കരാറുകാരൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിക്കാ തെയാണ് മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി ആരംഭിച്ചതെന്നും ഭരണ സമിതി അംഗം അറിയിച്ചതിനെ തുടർന്നാണ് 08.03.2023 ന് സ്ഥല പരിശോധന നടത്തിയതെന്നും ആസൂത്രണം ചെയ്തതിൽ കവി ഞ്ഞ വീതിയിൽ മണ്ണ് ഇടിച്ചിരുന്നെന്നും മണ്ണ് സൈറ്റിൽ നിന്നും | 17.02.23 ലെ 2/1 തീരുമാന പ്രകാരം ലേലത്തിന് ശേഷ മുള്ള തുടർ നടപടികൾക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഹാജരായിരുന്നു. |

| | | | |
|---|---|---|---|
| | അസിസ്റ്റന്റ് എക്സിക്യൂ ട്ടീവ് എഞ്ചിനീയർ ആർക്കെങ്കിലും നൽകിയി ട്ടുണ്ടായിരുന്നെങ്കിൽ ആയതി ന്റെ രേഖ/ഉത്തരവ് ലഭ്യമാ ക്കേണ്ടതും വീഴ്ചയുടെ കാര ണം വിശദീകരിക്കേണ്ടതുമാ ണ്. | നീക്കം ചെയ്തിരുന്നില്ലെന്നും അന്നേ ദിവസം തന്നെ കരാറുകാരന് അളവുകൾ മാർക്ക് ചെയ്ത് നൽകിയെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. തുടർന്ന് രണ്ടാഴ്ചയോളം ഓവർ സിയറുടെ മേൽനോട്ടത്തിൽ മണ്ണെടുത്ത് മാറ്റുകയും പാസിന്റെ കാലാവധി അവസാനിച്ചെന്ന് ലേലം കൊണ്ട കരാറുകാരൻ അറിയിച്ചതിനാൽ പ്രവൃത്തി നിർത്തി വെച്ചതാണെന്നും പിന്നീട് ബ്ലോക്ക് മെമ്പർ അറിയിച്ചപ്പോൾ മാത്ര മാണ് അധികമായി മണ്ണ് ഖനനം ചെയ്തതായി അറിഞ്ഞ തെന്നും 17.05.2023 ന് സൈറ്റ് പരിശോധിച്ച് ഫൈനൽ ലെവൽസ് രേഖപ്പെടുത്തുകയും വിവരം സെക്രട്ടറിയെ 06.06.2023 ൽ രേഖാമൂലം അറിയിച്ചുവെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. | സെക്രട്ടറിയുടെ ഉത്തരവിന്റെ പകർപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകുന്നതിനായും മാർക്ക് ചെയ്തിട്ടുണ്ട്. മെമ്പർ അറിയിച്ചതിനെ തുടർന്ന് 08.03.2023 ന് സ്ഥലപരിശോധന നടത്തിയപ്പോൾ അനുമതിയില്ലാതെയും അനധികൃതമായും മണ്ണ് ഖനനം ചെയ്തിരുന്നുവെന്ന് എ.ഇ.ഇ ക്ക് നേരിട്ട് ബോധ്യപ്പെട്ടതാണ്. അത്തരത്തിലുള്ള റിസ്ക് നിലനിൽക്കുന്ന സാഹചര്യത്തിലും ഭരണസമിതി ചുമതലപ്പെടുത്തിയ മോണിറ്ററിംഗ് ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതാണ് അനധി കൃതമായി മണ്ണ് ഖനനം ചെയ്യപ്പെട്ടുന്നതിന് കാരണമായത്. |
| 4 | പാസുകളുടെ കാലാവധി 25.03.2023 വരെ മാത്രമായിരുന്നു. മേൽ സാഹചര്യത്തിലും 06.06.2023 തിയ്യതിയിലാണ് സൈറ്റ് പരിശോ ധിച്ച് മണ്ണ് അധികമായി ഖനനം | പാസുകളുടെ കാലാവധി അവസാനിച്ചതിനെ തുടർന്ന് മണ്ണ് ഖനനം നിർത്തി വച്ചെന്നും പിന്നീട് പാസ് ലഭ്യമായിട്ടുണ്ടോ എന്നത് അറിയില്ലെന്നും അറിയിച്ചു. | മറുപടിയിൽ ഓവർസിയറുടെ മേൽനോട്ടത്തിൽ രണ്ടാഴ്ചക്കാലം മണ്ണ് നീക്കം ചെയ്തിരുന്നുവെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കാലയളവിൽ എത്ര അള |

| | | | |
|---|---|---|---|
| | ചെയ്തിട്ടുള്ളതെന്ന് എ.ഇ.ഇ തിരിച്ചറിഞ്ഞിട്ടുള്ളത്. പാസിന്റെ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട ബാധ്യത ഉണ്ടായിരിക്കെ ആയത് ഉറപ്പാക്കുന്നതിലുണ്ടായ വീഴ്ച വിശദീകരിക്കേണ്ടതാണ്. | | വ് മണ്ണ് നീക്കം ചെയ്തെന്നോ, എത്ര പാസ്സുകൾ അനുവദിച്ചെന്നോ, പാസ്സുകൾ അനുവദിച്ചത് ആരായിരുന്നുവെന്നോ വിശദീകരിച്ചിട്ടില്ല. വിശദാംശങ്ങൾ രേഖാമൂലം ലഭ്യമാക്കേണ്ടതാണ്. |
| 5 | ശ്രീ.ബാലകൃഷ്ണൻ കടുക്കാങ്കിയിൽ എന്നവരുടെ പരാതിയിന്മേൽ 27.04.2023 തിയ്യതി രേഖപ്പെടുത്തിയാണ് ലോകായുക്ത നോട്ടീസ് നൽകിയിട്ടുള്ളത്. എന്നാൽ മേൽ വിഷയത്തിന്മേൽ പരിശോധന നടത്തി റിപ്പോർട്ട് ചെയ്തത് 06.06.2023 തിയ്യതിയിലാണ്. കാലതാമസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. | 17.05.2023 ലാണ് മെമ്പർ അറിയിച്ചതിനെ തുടർന്ന് സ്ഥലം പരിശോധിച്ചതെന്നും വിവരം സെക്രട്ടറിയെ അറിയിച്ചത് 06.06.2023 നാണെന്നും മറുപടി ലഭ്യമാക്കി. | അനധികൃത ഖനനം നടക്കുന്നുവെന്ന് പരാതിക്കാരൻ 27.04.2023 തിയ്യതിക്ക് മുൻ പായി തിരിച്ചറിഞ്ഞു. എന്നാൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പ്രസ്തുത വിവരം അറിയുന്നത് 17.05.2023 തിയ്യതിയിലാണ്. 27.04.23 തിയ്യതി രേഖപ്പെടുത്തിയ ലോകായുക്ത നോട്ടീസ് സ്ഥാപനത്തിൽ ലഭ്യമായതെന്നാണെന്നും പരാതി സംബന്ധിച്ച ഫയൽ പ്രകാരം സെക്രട്ടറി എ.ഇ.ഇ ക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ അതെന്തായിരുന്നുവെന്ന് രേഖാമൂലം അറിയിക്കേണ്ടതും പരാതിയുടെ പകർപ്പ് പരിശോധനക്ക് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കേണ്ടതുമാണ്. |
| 6 | കരാറുകാരനായ ശ്രീ.രമേശന് നൽകിയ നോട്ടീസിൽ ജിയോളജി വകുപ്പിൽ അടവാക്കേണ്ട പിഴയായ 365000/- രൂപയുടെ കാര്യം മാത്രമെ സെക്രട്ടറി പരാമർശിച്ചിട്ടുള്ളൂ. അധികമായി ഖനനം ചെയ്ത തും പഞ്ചായത്തിന് ലഭിക്കേണ്ടതുമായ മണ്ണിന്റെ വിലയെ കുറിച്ച് പരാമർശിച്ചിട്ടില്ല. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം പരിഗണിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | മറുപടിയില്ല. | സെക്രട്ടറി മറുപടി ലഭ്യമാക്കേണ്ടതാണ്. |

സൈറ്റിൽ മരങ്ങളോ മറ്റ് ആസ്തികളോ ഉണ്ടായിരുന്നോ എന്നത് ഫയലിൽ നിന്നും വ്യക്തമല്ല. ഓഡിറ്റിന്റെ സ്ഥല പരിശോധനയിൽ സമീപ ഭൂമികളിൽ ചന്ദനച്ചെടികളും മറ്റ് മരങ്ങളും ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ സൈറ്റിൽ പരിശോധന നടത്തുന്ന സമയത്ത് കുറ്റിച്ചെടികളും പുല്ലും മാത്രമെ ഉണ്ടായിരുന്നുള്ളൂ എന്നാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. മിനറൽ പാസ് രജിസ്റ്റർ, ലോകായുക്തയിൽ ശ്രീ.ബാലകൃഷ്ണൻ കടുക്കാങ്കിയിൽ എന്നവർ നൽകിയ പരാതിയുടെ പകർപ്പ്, കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ തത്സ്ഥിതി വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (ആയവ ലഭ്യമാക്കുന്നതിന് റിക്വിസിഷൻ നൽകിയിട്ടുണ്ട്.)

സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ ഭരണസമിതി നിക്ഷിപ്തമാക്കിയ ചുമതലകൾ നിർവ്വഹിക്കുന്നതിലുണ്ടായ വീഴ്ചയാണ് 2015 ലെ The Kerala Minerals (Prevention Of Illegal Mining, Storage And Transportation) Rules ലെ ചട്ടം 29 പ്രകാരം സ്ഥാപനത്തിന് 365000/- രൂപ പിഴ ചുമത്തുന്നതിന് കാരണമായിട്ടുള്ളത്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 34 പ്രകാരം പിഴ അടവാക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന് 12% പ്രതിവർഷ നിരക്കിൽ പിഴ പലിശ അടവാക്കേണ്ടതുമുണ്ട്. അപ്പീൽ സാധ്യതകൾ അവസാനിച്ചതിനാൽ പിഴ തുക അടവാക്കുന്നതിൽ കാലതാമസമുണ്ടാകുന്ന പക്ഷം പിഴ പലിശയുടെ

ബാധ്യതയും സ്ഥാപനത്തിനുണ്ടാകാനിടയുണ്ട്. ആസൂത്രണം ചെയ്തതിൽ അധികരിച്ച ഖനനം മൂലം പാരിസ്ഥിതിക ആഘാതത്തിന് പുറമെ പ്ലോട്ട് സംരക്ഷണത്തിന് റീടെയിനിംഗ് വാൾ ഉൾപ്പെടെയുള്ള അധിക ബാധ്യതയും സ്ഥാപനത്തിനുണ്ടാകാനിടയുണ്ട്. രണ്ട് തട്ടിന് പകരം കരാറുകാരൻ മൂന്ന് തട്ട് ഭൂമി ഖനനം ചെയ്തിട്ടുണ്ടെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ഇത് ആസൂത്രണം ചെയ്ത എം.ആർ.എഫ് കെട്ടിടത്തിന്റെ ഘടനയെ ബാധിക്കാനുള്ള സാധ്യതയുണ്ട്.

സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ചുമതലാ നിർവ്വഹണത്തിലുണ്ടായ വീഴ്ചയാണ് അനധികൃത ഖനനത്തിന് കാരണമായിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

സെക്രട്ടറിയുടെ വീഴ്ചകൾ

- ലേല നടപടികൾക്ക് നേതൃത്വം വഹിച്ചത് സെക്രട്ടറിയാണ്. മണ്ണ് ഖനനത്തിന് മേൽ നോട്ടം വഹിക്കാൻ എ.ഇ.ഇ യെ ചുമതലപ്പെടുത്തിയെങ്കിലും, ആസ്തിയുടെ ഉടമ എന്ന നിലയിൽ ചുമതല നിർവ്വഹിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചില്ല.
- ഒ(എ) ഫോറത്തിലോ ഇ-പാസോ ആയി ജില്ലാ ജിയോളജിസ്റ്റിൽ നിന്നും ലഭിക്കുന്ന മിനറൽ പാസുകൾ കൈപ്പറ്റേണ്ടതും അനുവദിക്കുന്ന പാസുകളുടെ വിവരം രജിസ്റ്റർ മുഖേന നിരീക്ഷിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്തം സെക്രട്ടറിയുടേതായിരുന്നു.ആയത് നിർവ്വഹിച്ചില്ല.
- ശ്രീ.ബാലകൃഷ്ണൻ കടുക്കാങ്കിയിൽ എന്നവർ ലോകായുക്തയിൽ നൽകിയ പരാതിന്മേലുള്ള നോട്ടീസ് പുറപ്പെടുവിക്കുന്നത് 27.04.2023 തിയ്യതിയിലാണ്. (പരാതിയുടെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.) ലോകായുക്തക്ക് നൽകിയ വസ്തുതാ വിവരണ പത്രികയിലെ ഖണ്ഡിക J യിൽ അധികമായി മണ്ണ് ഖനനം ചെയ്തത് സംബന്ധിച്ച വിവരം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയതായി പരാമർശിച്ചിട്ടുണ്ട്. ഇതിൽ നിന്നും പരാതിയിൽ അധിക ഖനനത്തെ കുറിച്ച് പരാമർശമുണ്ടായിരുന്നുവെന്ന് വ്യക്തമാണ്. നോട്ടീസ് പുറപ്പെടുവിച്ച 27.04.2023 തിയ്യതിക്ക് മുൻപായി ( പരാതിയുടെ തിയ്യതി ലഭ്യമല്ല ) അധിക ഖനനം നടന്നിരുന്നുവെന്നും വ്യക്തമാണ്. എന്നാൽ പ്രസ്തുത വിവരം സെക്രട്ടറി അറിയുന്നത് ഏകദേശം 2 മാസങ്ങൾക്ക് ശേഷമാണ്. പരാതിക്ക് ശേഷവും തുടർ നടപടികളിൽ കാലതാമസമുണ്ടായി.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

- മണ്ണ് ഖനന പ്രവൃത്തികളുടെ തുടർ നടപടികളും മോണിറ്ററിംഗും ഭരണസമിതി തീരുമാന പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാക്കി ഉത്തരവായിട്ടുള്ളതാണ്. ലേലം ഉറപ്പിച്ച് 21.02.2023 ന് ഉത്തവായിട്ടുമുണ്ട്. എന്നാൽ 08.03.2023 വരെ പ്രസ്തുത ചുമതല നിർവ്വഹിക്കുന്ന വിധത്തിൽ പ്രവർത്തിക്കുകയോ കീഴുദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ക്രമീകരിക്കുകയോ ചെയ്തില്ല.

- മെമ്പർ അറിയിച്ചതിനെ തുടർന്ന് 08.03.2023 ന് സ്ഥല പരിശോധന നടത്തിയതിൽ ആസൂത്രണം ചെയ്തതിനേക്കാൾ അധിക വിസ്തൃതിയിൽ ഖനനം ആരംഭിച്ചതായി ബോധ്യപ്പെട്ട സാഹചര്യത്തിലും ചുമതലാ നിർവ്വഹത്തിൽ ആവശ്യമായ ജാഗ്രത പുലർത്തിയില്ല.
- ലഭ്യമാക്കിയ മറുപടിയിൽ 08.03.2023 ന് ശേഷം രണ്ടാഴ്ചക്കാലം (തിയ്യതി വ്യക്തമാക്കിയിട്ടില്ല. ) ഓവർസിയറുടെ മേൽ നോട്ടത്തിലാണ് മണ്ണ് നീക്കം ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ നീക്കം ചെയ്ത മണ്ണിന്റെ അളവ് , ഉപയോഗിച്ച പാസ്സ് എന്നിവയുടെ വിശദാംശങ്ങൾ നിരീക്ഷിച്ചില്ല. ഓവർ സിയറെ ചുമതലപ്പെടുത്തിയതിന്റെ രേഖയും ലഭ്യമാക്കിയിട്ടില്ല.
- അധികമായി ഖനനം നടക്കുന്ന വിവരം 27.04.2023 ന് മുൻപായി പരാതിക്കാരൻ തിരിച്ചറിഞ്ഞിരുന്നു. എന്നാൽ മോണിറ്ററിംഗ് ചുമതലയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത വിവരം അറിയുന്നത് 17.05.2023 തിയ്യതിയിൽ മെമ്പർ അറിയിച്ചതിനെ തുടർന്നാണ്.

16.06.2023 തിയ്യതിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സെക്രട്ടറിക്കുള്ള കത്തിൽ 850 ഘനമീറ്റർ മണ്ണ് കരാറുകാരൻ അധികമായി ഖനനം ചെയ്തിട്ടുണ്ടെന്നും ഘനമീറ്ററിന് 231.55 രൂപ നിരക്കിൽ 196817.5 രൂപ മൂല്യമുള്ള മണ്ണാണ് അധികമായി ഖനനം ചെയ്തതെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ ജിയോളജിസ്റ്റ് നിശ്ചയിച്ച മണ്ണിന്റെ വില 272000/- രൂപയാണ്.

നടപടിക്രമങ്ങളിലെയും മോണിറ്ററിംഗിലേയും വീഴ്ച മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 272000/- രൂപയാണ്. ആയത് ഉത്തരവാദിയായ സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. ജില്ലാ ജിയോളജിസ്റ്റിന്റെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള 365000/- രൂപ ഉത്തരവാദികളിൽ നിന്നും അടിയന്തിരമായി ഈടാക്കി അടവാക്കുന്നതിനാവശ്യമായ നടപടിയും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-22 തോട് സംരക്ഷണ പ്രവൃത്തികൾക്ക് പാരിസ്ഥിതിക ഘടകങ്ങൾ പരിഗണിച്ചില്ല.

ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പാക്കിയ തോട് സംരക്ഷണ പ്രവൃത്തികളിൽ തോടിന്റെ അടിത്തട്ടിൽ പൂർണ്ണമായും കരിങ്കല്ല് വിരിക്കുന്ന ഇനങ്ങളും പാർശ്വഭിത്തികൾ RCC WALL ആയും ആസൂത്രണം ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രസ്തുത ഇനങ്ങളുടെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുമില്ല. തോട് സംരക്ഷണം എന്ന ലക്ഷ്യത്തിൽ തോടിന്റെ ആവാസ വ്യവസ്ഥയേയും സംരക്ഷിക്കേണ്ടതുണ്ട്. എന്നാൽ ജല ജീവികളേയും സസ്യങ്ങളേയും പരിഗണിക്കാത്ത വികസന കാഴ്ചപ്പാടാണ് മേൽ പദ്ധതികളുടെ കാര്യത്തിൽ സ്ഥാപനം കൈക്കൊണ്ടിട്ടുള്ളത്. മേൽ ഇനങ്ങൾ നിർവ്വഹിച്ചതിലൂടെ പ്രവൃത്തി പൂർത്തീകരണത്തിനായി അധിക തുക വകയിരുത്തേണ്ടിയും വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | DR PACKING ചെയ്തതിന്റെ അളവ് | ചെലവഴിച്ച തുക (GST ഉൾപ്പെടെ |
| --- | --- | --- |

| | | |
|---|---|---|
| കൊപ്രകണ്ടം മാളാംതോട് | 51.2 ഘന മീറ്റർ | 111935 |
| കളങ്കോളി തോട് | 20.025 ഘന മീറ്റർ | 64394 |

തോടിന്റെ സ്വാഭാവികതയും ആവാസ വ്യവസ്ഥയും സംരക്ഷിക്കുന്ന വികസന നയമല്ല സ്ഥാപനം കൈക്കൊണ്ടിട്ടുള്ളത്. പി.ഡബ്ല്യു.ഡി റിവൈസ്ഡ് മാന്വലിലെ അനുബന്ധം 1600D യിൽ വ്യവസ്ഥ ചെയ്ത പ്രകാരം മേൽ ഇനങ്ങളുടെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കുകയും ചെയ്തിട്ടില്ല. മേൽ സാഹചര്യത്തിൽ DR PACKING, RCC WALL എന്നിവയുടെ അനിവാര്യത വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത്തിന് മറുപടി ലഭ്യമാക്കേണ്ടതും DR PACKING, RCC WALL എന്നിവയുടെ അനിവാര്യത വ്യക്തമാക്കേണ്ടതുമാണ്.

### 1-23 മേഖലാ ചുമതലകളിൽ നിന്നും വ്യതിചലിച്ച് പദ്ധതി ആസൂത്രണം

കൃഷി അസിസ്റ്റന്റ് ഡയറക്ടർ 2023-24 വർഷത്തിൽ നിർവ്വഹണം നടത്തിയ പദ്ധതികൾ പരിശോധിച്ചതിൽ നിന്നും കേരള പഞ്ചായത്ത്‌രാജ് നിയമം സെക്ഷൻ 166 പട്ടിക 3 പ്രകാരം കൃഷിയുമായി ബന്ധപ്പെട്ട് ബ്ലോക്ക്പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് കാണുന്നു. കൃഷിയുമായി ബന്ധപ്പെട്ട് ബ്ലോക്ക്പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

- ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക
- ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്ക് അവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക
- കാർഷിക പ്രദർശനങ്ങൾ നടത്തുക
- ബ്ലോക്ക്പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക
- കാർഷിക വായ്പ സ്വരൂപിക്കുക
- പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുക.

കഴിഞ്ഞ 4 വർഷകാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് കാർഷിക മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്ക് അവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക എന്ന ചുമതലയിൽ ഉൾപ്പെടുത്താവുന്ന ചെറുപുഴ പാടശേഖരത്തിൽ പെട്ടിയും പറയും എന്ന പദ്ധതി 2022-23 വർഷത്തിൽ ആസൂത്രണം ചെയ്ത് നിർവ്വഹണം നടത്തിയത് ഒഴിച്ചു നിർത്തിയാൽ , ഗ്രാമപഞ്ചായത്തുകൾ മുഖ്യ പങ്കാളിയായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതും ഗ്രാമപഞ്ചായത്തിന്റെ ചുമതലയായ ഉത്പാദന മേഖലയിൽ ഉൾപ്പെടുന്ന പദ്ധതികളുമാണ് സ്ഥാപനം ഏറ്റെടുത്ത് നടത്തിയിട്ടുള്ളത്. കേരള പഞ്ചായത്ത്‌രാജ് നിയമം സെക്ഷൻ 166 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കാർഷിക മേഖലയിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള പദ്ധതികളുടെ അഭാവം മൂലം ഗ്രാമപഞ്ചായത്ത് തലത്തിൽ നിർവ്വഹിക്കപ്പെടുന്ന കാർഷിക പദ്ധതികളുടെ നിർവ്വഹണത്തിന് സഹായകമാകുന്ന തരത്തിലുള്ള മുൻ ബന്ധം സാധ്യമാക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ നിന്നുമുള്ള പിൻവാങ്ങൽ ഗ്രാമപഞ്ചായത്ത് തലത്തിലെ പദ്ധതികളുടെ നിർവ്വഹണത്തിൽ നൂതന സാങ്കേതിക വിദ്യ, യന്ത്രവത്കരണം, എന്നീ ഘടകങ്ങളുടെ പ്രയോഗം സാധ്യമാകാത്ത സ്ഥിതി വിശേഷമുണ്ടാകുന്നു.

പൊതുമരാമത്ത് മേഖലയിലും സമാനമായ അപാകങ്ങൾ ഉണ്ടാകുന്നുണ്ട്. ആസൂത്രണം ചെയ്യപ്പെട്ട

പദ്ധതികളിലേറെയും ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിന്മേലാണ്. ഉദാ- വിളയാട്ടൂർ ഗവ എൽ.പി സ്കൂളിൽ ടോയ്‌ലറ്റ് കോംപ്ലക്സ് , വിവിധ തോടുകളുടെ സംരക്ഷണ പ്രവൃത്തികൾ എന്നിവ.

ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ആയത് ഗ്രാമപഞ്ചായത്ത് പദ്ധതികൾക്ക് അനുപൂരകമാകുകയും മുൻ ബന്ധം ഉറപ്പാക്കേണ്ടതുമാണ്.

## 1-24 കേളപ്പജി റോഡ് പ്രവൃത്തി- ആസൂത്രണത്തിലെ അപാകത

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കേളപ്പജി റോഡ്- തിക്കോടി പഞ്ചായത്ത് (പ്രൊ.നം 76/24 SO) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഡ്രെയിനേജിന്റെ അടിത്തട്ടിൽ കരിങ്കല്ല് വിരിക്കുകയും അതിന് മുകളിൽ കോൺക്രീറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | തുക |
|---|---|---|
| OD76104/2022-2023:DR PACKING Under Foundation - | 2.370 | 7641.2 |
| OD76128/2022-2023:DR With Departmental Stone | 12.15 | 20669.27 |
| 11.4.1.1:Providing Concrete For Bed | 1.937 | 17142.45 |

ബെഡ് കോൺക്രീറ്റ് ചെയ്യുന്ന സാഹചര്യത്തിൽ DR PAVING നിർവ്വഹിച്ചതിന്റെ ആവശ്യകത വ്യക്തമല്ല. ഇനങ്ങളുടെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുമില്ല. സൈറ്റ് പരിശോധിച്ചതിൽ ഡ്രെയിനേജ് റോഡ് നിരപ്പിൽ നിന്നും ഉയരത്തിലായതിനാൽ ഡ്രെയിനേജിന്റെ സ്ലാബിന് മുകളിലൂടെ ഗതാഗതം സാധ്യമാവില്ലെന്നും വ്യക്തമായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ മേൽ ഇനങ്ങളുടെ അനിവാര്യത വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും DR PAVING ന്റെ അനിവാര്യത വ്യക്തമാക്കേണ്ടതുമാണ്.

## 1-25 വാഹനം വാടകക്കെടുക്കൽ- നടപടിക്രമങ്ങളിൽ വീഴ്ച

ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ആവശ്യത്തിലേക്കായി വാഹനം വാടകക്കെടുക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാഹനം വാടകക്കെടുക്കുന്നതിനുള്ള എൽ.എസ്.ജി.ഡി ഓഫീസിലേക്ക് വാഹനം വാടകക്ക് എടുക്കൽ (പ്രൊ.നം-79/24 SO) എന്ന പദ്ധതി ആസൂത്രണം ചെയ്ത് 96525/- രൂപ ചെലവഴിച്ചിട്ടുണ്ട്. 07.10.20222 തിയ്യതിയിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുകയും റഫീഖ് മണലോടി പറമ്പ്, വിഷ്ണു പ്രസാദ്.സി എന്നിവർ പ്രതിമാസം യഥാക്രമം 35750/-, 36000/- രൂപ ക്വാട്ട്

ചെയ്യുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.റഫീഖുമായി പഞ്ചായത്ത് 25.11.2022 തിയ്യതിയിൽ കരാറിലേർപ്പെടുകയും ശ്രീ.റഫീഖ് കരാറിൽ നിന്നും ഏകപക്ഷീയമായി പിന്മാറിയതിനെ തുടർന്ന് 07.12.2022 ൽ വീണ്ടും ക്വട്ടേഷൻ നടപടി സ്വീകരിക്കുകയും ക്വട്ടേഷനിൽ പങ്കെടുത്ത് 38750/- രൂപ ക്വാട്ട് ചെയ്ത അഞ്ജന.വി, വടക്കയിൽ എന്നവരുമായി നെഗോഷ്യേറ്റ് ചെയ്ത് കരാർ തുക 35750/- രൂപയായി ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ആസൂത്രണ നിർവ്വഹണ ഘട്ടത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

- 08.11.2010 ലെ സ.ഉ(പി).നം.259/2010/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം 50000/- രൂപ മുതൽ 100000/- രൂപ വരെയുള്ള സാധന സേവനങ്ങളുടെ സമാഹരണത്തിന് ലിമിറ്റഡ് ടെണ്ടർ നടപടിയും 100000 ന് മുകളിലുള്ളവ ലിമിറ്റഡ് ടെണ്ടർ നടപടിയിലൂടെയും സമാഹരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന് വിരുദ്ധമായി ക്വട്ടേഷൻ നടപടിയാണ് സ്ഥാപനം കൈക്കൊണ്ടിട്ടുള്ളത്.
- 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വലിലെ അദ്ധ്യായം 8 ൽ ഒരു ലക്ഷത്തിന് മുകളിലുള്ള പർച്ചേസുകളിൽ 1% നിരതദ്രവ്യവും 5% സെക്യൂരിറ്റി ഡെപ്പോസിറ്റും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.
- കരാറുകാരനായ ശ്രീ.റഫീഖ് കരാറിൽ നിന്നും ഏകപക്ഷീയമായാണ് പിന്മാറിയത്. ക്വട്ടേഷൻ നടപടികൾക്കായി പത്രപരസ്യത്തിനായി പഞ്ചായത്ത് പണം ചെലവാക്കിയിട്ടുണ്ട്.(വൗച്ചർ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്) എന്നാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാത്തതിനാൽ മേൽ തുക കരാറുകാരനിൽ ഈടാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചില്ല.
- കരാറിൽ നിന്നും ഏകപക്ഷീയമായി പിന്മാറിയ ശ്രീ. റഫീഖിന് 3 ദിവസത്തെ വേതനമായ 3575/- രൂപ അനുവദിച്ചിട്ടുണ്ട്. ക്വട്ടേഷൻ നടപടിക്കായി വിനിയോഗിച്ച പണവും മനുഷ്യശേഷിയും സ്ഥാപനത്തിന് നഷ്ടപ്പെട്ട സാഹചര്യത്തിലും തുക അനുവദിച്ച് നൽകി.
- കരാറുകാരൻ പിന്മാറിയതിനെ തുടർന്ന് രണ്ടാമത്തെ വ്യക്തിയുമായി നെഗോഷ്യേറ്റ് ചെയ്യാതെ പുനർ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ കാരണം വ്യക്തമല്ല. പുനർ ക്വട്ടേഷൻ നടപടികളുടെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുമില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ശ്രീ. റഫീഖിന്റെ മാതാവിന് അപകടം സംഭവിച്ചതിനെ തുടർന്ന് ആശുപത്രിയിൽ അഡ്മിറ്റ് ആവുകയും ഓഫീസിൽ ഹാജരാകുന്നതിന് സാധിക്കാത്തതിനാൽ കരാറിൽ നിന്നും പിന്മാറുകയാണുണ്ടായതെന്നാണ് അറിയിച്ചിട്ടുള്ളത്. രണ്ടാമത് നിരക്ക് ക്വാട്ട് ചെയ്തയാൾ കരാറിലേർപ്പെടുന്നതിന് വിസമ്മതിച്ചതിനാലാണ് പുതിയ ക്വട്ടേഷൻ ക്ഷണിച്ചതെന്നും പ്രസ്തുത പരസ്യം പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് അധിക ബാധ്യത ഉണ്ടായിട്ടില്ലെന്നും മറുപടിയിലൂടെ അറിയിച്ചിട്ടുണ്ട്. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പണവും മനുഷ്യശേഷിയും വിനിയോഗിച്ച് നടത്തിയ ആദ്യത്തെ ക്വട്ടേഷൻ നടപടി ഫലപ്രദമായിട്ടില്ല. കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പുനർ ക്വട്ടേഷൻ നടപടികൾ കൈക്കൊള്ളുന്നതിന് സഹായകമാകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 പഞ്ചായത്ത് നടപ്പിലാക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പിലാക്കി പഞ്ചായത്ത് നടപ്പിലാക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പിലാക്കി

പ്രോജക്ട് : സെക്കന്ററി പാലിയേറ്റീവ് കെയർ

പ്രോജക്ട് നമ്പർ : 17/24

ചെലവ് : 193977(വികസന ഫണ്ട് പൊതു വിഭാഗം)

സെക്കന്ററി പാലിയേറ്റീവ് രോഗികൾക്കുള്ള പരിചരണവും അവരുടെ പുനരധിവാസവുമാണ് പ്രോജക്ടിന്റെ ലക്ഷ്യം. സ.ഉ.(കൈ)നം 84/22 തി 19.4.22 ഖ 8.7.1.3 പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തുകളും സ.ഉ.(സാധാ) നം 553/19 തി 07.03.2019 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പാലിയേറ്റീവ് പ്രചരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ് . പ്രസ്തുത മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പ്രവർത്തനങ്ങളാണ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത്. ഇതിനുവേണ്ടി ഗ്രാമപ്രദേശങ്ങളിൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ തങ്ങൾക്ക് കൈമാറിക്കിട്ടിയിട്ടുള്ള താലൂക്ക് ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, എന്നീ ആരോഗ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.7.18 ലെ പി.എച്ച് 5-51297/18 ഡി.എച്ച് .എസ് സർക്കുലർ പ്രകാരമുള്ള വിദഗ്ദ പാലിയേറ്റീവ് പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ് .

എന്നാൽ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പാലിയേറ്റിവ് പരിചരണം ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹിക്കുക വഴി മേൽ നിർദ്ദേശങ്ങളുടെ ലംഘനവും പാലിയേറ്റീവ് പരിചരണത്തിലും ഹോംകെയർ സംവിധാനത്തിലും ഇരട്ടിപ്പും ഉണ്ടാവുന്നുണ്ട് . പാലിയേറ്റിവ് പരിചരണത്തിനായി തൻവർഷം ബ്ലോക്ക് പഞ്ചായത്ത് 193977/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പ്രധാനമായും സെക്കന്ററി പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഭാഗമായി ഹോംകെയർ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ടീം അംഗങ്ങൾക്കുള്ള ഭക്ഷണ ചെലവ്, സി.എച്ച്.സി വാഹനത്തിന്റെ ഡ്രൈവർക്കുള്ള വേതനം, ഇന്ധനചെലവ്, വാഹനത്തിനുള്ള അറ്റകുറ്റപ്പണി എന്നിവയ്ക്കു വേണ്ടിയാണ് ചെലവഴിച്ചത് .

ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു .

| ബിൽ നമ്പർ | തിയ്യതി | തുക |
|---|---|---|
| 2316076308880012095 | 20.5.23 | 37680 |
| 2316076308880022163 8 | 21.6.23 | 22370 |
| 2316076308880047914 6 | 22.8.23 | 21170 |
| 2316076308880051688 1 | 5.9.23 | 13350 |
| 2316076308880076770 8 | 9.11.23 | 43631 |
| 2316076308880148953 3 | 24.3.24 | 4800 |
| 0 | 24.3.24 | 50976 |
| ആകെ | | 193977 |

സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ചെലവു ചെയ്ത 193977 /- രൂപ തടസ്സപ്പെടുത്തുന്നു .

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 എം.ആർ.എഫ് സൈറ്റിലെ മണ്ണ് നീക്കം ചെയ്യൽ- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പ്രൊജക്ട് നം.95/23 പ്രകാരം ആസൂത്രണം ചെയ്ത എം.ആർ.എഫ് സെന്ററിന് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി 2023-24 സാമ്പത്തിക വർഷത്തിൽ 80/24 നമ്പറായി നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. കീഴരിയൂർ ഗ്രാമപഞ്ചായത്തിലെ മീറോട് മലയുടെ മുകൾഭാഗത്താണ് എം.ആർ.എഫ് സ്ഥാപിക്കുന്നത്. ദീർഘമായ കയറ്റമുള്ള മൺറോഡാണ് പ്ലോട്ടിലേക്ക് നിലവിലുള്ള വഴി. പ്രവൃത്തി ആരംഭിക്കുന്നതിന് മുന്നോടിയായി സൈറ്റ് ഒരുക്കുന്നതിനായി ലേലനടപടികൾ സ്വീകരിക്കുകയും സൈറ്റിൽ നിന്നും

മണ്ണെടുത്ത് മാറ്റുകയും ചെയ്തിട്ടുണ്ട്. മണ്ണിന്റെ പ്രാരംഭ വില കണക്കാക്കിയതിലും മണ്ണെടുത്ത് മാറ്റിയ പ്രവൃത്തിയുടെ മോണിറ്ററിംഗിലും അപാകതകളുണ്ടായിട്ടുണ്ട്. ഇതുമൂലം ബ്ലോക്ക് പഞ്ചായത്തിനും സർക്കാരിനും സാമ്പത്തിക നഷ്ടമുണ്ടാകുകയും അനധികൃത ധാതുഖനനത്തിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

03.01.2023 തിയ്യതിയിലെ ഭരണസമിതി 3/1 നം. തീരുമാന പ്രകാരം സൈറ്റിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ മൂല്യം നിജപ്പെടുത്തുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ഭൂമി നിരപ്പാക്കുന്നതിനായി സൈറ്റിൽ നിന്നും 1200 ഘനമീറ്റർ മണ്ണ് കുഴിച്ചെടുത്ത് നീക്കം ചെയ്യണമെന്നും മണ്ണിന്റെ വില 277860/- രൂപയാണെന്നും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള കൂലി 241584/- രൂപയാണെന്നും റോയൽറ്റി 48000/- രൂപയാണെന്നും പ്രാരംഭ വില 36276/- രൂപ നിശ്ചയിച്ച് ലേലം ചെയ്യാവുന്നതാണെന്നും 03.02.2023 ലെ എ1/5/2023/AEE/MBP നമ്പർ കത്ത് മുഖേന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. 09.02.2023 തിയ്യതിയിൽ സെക്രട്ടറി ഡി.2198/2022 നമ്പറായി ലേലപരസ്യം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 17.02.2023 തിയ്യതിയിൽ സെക്രട്ടറി മേലടി ബ്ലോക്ക്പഞ്ചായത്ത് ഹാളിൽ വച്ച് നടത്തിയ ലേലത്തിൽ 51000/- രൂപ ക്വാട്ട് ചെയ്ത രമേശൻ.ടി.കെ , കുളത്തിന്റെ മീത്തൽ എന്നവർക്ക് ലേല തുകക്ക് പുറമെ 18% ജി.എസ്.ടി യും 48000/- രൂപ റോയൽറ്റി ഇനത്തിലും അടവാക്കണമെന്ന നിബന്ധനയോടെ സെക്രട്ടറിയുടെ 21.02.2023 ലെ ഡി.2198/2022 നമ്പർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽ നോട്ടത്തിൽ 1200 ഘനമീറ്റർ മണ്ണ് കുഴിച്ചെടുത്ത് നീക്കം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 60180/- രൂപ കരാറുകാരൻ 17.02.2023, 22.02.2023 തിയ്യതികളിലായി ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. സെക്രട്ടറിക്ക് വേണ്ടി റോയൽറ്റി ഇനത്തിൽ 48000/- രൂപ ലേലം കൊണ്ടയാൾ ജിയോളജി വകുപ്പിൽ നേരിട്ട് അടവാക്കിയതായി സ്ഥാപനം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. 17.02.2023 ലെ ലേല നടപടികൾ അതേ തിയ്യതിയിലെ ഭരണസമിതി യോഗത്തിൽ അംഗീകരിക്കുകയും തുടർ നടപടികൾക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. (തീരുമാനം നം 2/1).07.02.2023, 21.02.2023 തിയ്യതികളിലെ സെക്രട്ടറിയുടെ അപേക്ഷകൾ പരിഗണിച്ച് കോഴിക്കോട് ജില്ലാ ജിയോളജിസ്റ്റ് 03.03.2023 ലെ 243/2022-23/OE/DOKOZ-DMG/246/2023-M നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടറിക്ക് 342 മിനറൽ പാസുകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മണ്ണ്ഖനനവുമായി ബന്ധപ്പെട്ട

ബാലകൃഷ്ണൻ കടുക്കാങ്കിയിൽ എന്നവരുടെ പരാതിയിന്മേൽ (നം.54/2023 E) 27.04.2023 തിയ്യതിയിൽ ലോകായുക്ത സെക്രട്ടറിക്ക് നോട്ടീസ് അയച്ചിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 06.06.2023 തിയ്യതിയിലെ എ1/5/2023/AEE/MBP കത്ത് പ്രകാരം കരാറുകാരൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിക്കാതെ മണ്ണ് നീക്കം ചെയ്തെന്നും 16.06.2023 തിയ്യതിയിൽ ഇതേ നമ്പർ കത്തിൽ 850 ഘനമീറ്റർ മണ്ണ് കരാറുകാരൻ അധികമായി ഖനനം ചെയ്തിട്ടുണ്ടെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ഘനമീറ്ററിന് 231.55 രൂപ നിരക്കിൽ 196817.5 രൂപ മൂല്യമുള്ള മണ്ണാണ് അധികമായി ഖനനം ചെയ്തതെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലാ ജിയോളജിസ്റ്റിന്റെ 01.08.2023 ലെ DOKOZ-DMG/972/2023-M നമ്പർ ഡിമാന്റ് നോട്ടീസിൽ അധികമായി ഖനനം ചെയ്ത മണ്ണിന്റെ വിലയായി റോയൽറ്റിയുടെ നാലിരട്ടിയായ 272000/- രൂപയും (ഘനമീറ്ററിന് 4x80=320 നിരക്കിൽ) റോയൽറ്റി ഇനത്തിൽ 68000/- രൂപയും കോംപൗണ്ടിംഗ് ഫീ ഇനത്തിൽ 25000/- രൂപയും ഉൾപ്പെടെ ആകെ 365000/- രൂപ പിഴയായി അടവാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. നോട്ടീസിനെ തുടർന്ന് 365000/- രൂപ അടവാക്കുന്നതിന് സെക്രട്ടറി 07.08.2023 ൽ കരാറുകാരന് നോട്ടീസ് നൽകുകയും 16.10.2023 കരാറുകാരൻ ലഭ്യമാക്കിയ മറുപടിയിൽ പ്ലോട്ടിൽ നിന്നും 1200 ഘനമീറ്റർ മണ്ണ് മാത്രമെ നീക്കം ചെയ്തിട്ടുള്ളൂ എന്നും അധികമായി നീക്കം ചെയ്ത മണ്ണിന്റെ കാര്യത്തിൽ കരാറുകാരന് ഉത്തരവാദിത്തമില്ലെന്നും സെക്രട്ടറിക്ക് മറുപടി നൽകിയിട്ടുണ്ട്. 08.08.2023 തിയ്യതിയിൽ സെക്രട്ടറി ജില്ലാ ജിയോളജിസ്റ്റിന് നൽകിയ അപ്പീൽ നിരസിക്കുകയും 03.10.2023 തിയ്യതിയിൽ ഡിമാന്റ് നോട്ടീസ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 30.10.2023 തിയ്യതിയിൽ സെക്രട്ടറി കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ അനധികൃതമായി മണ്ണ് ഖനനം ചെയ്തവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് പരാതി നൽകിയിട്ടുള്ളതുമാണ്.

സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ചുമതലാ നിർവ്വഹണത്തിൽ വരുത്തിയ വീഴ്ചകളാണ് അപാകങ്ങൾക്ക് കാരണമായിട്ടുള്ളത്. വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്റെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഓഡിറ്റ് അന്വേഷണക്കുറിപ്പ് പ്രകാരം ആവശ്യപ്പെട്ട വിവര | 25.06.2024 തിയ്യതിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | മറുപടിയിന്മേലുള്ള ഓഡിറ്റിന്റെ അഭിപ്രായം |
|---|---|---|---|

| | | | |
|---|---|---|---|
| | ങ്ങളും രേഖകളും | എഞ്ചിനീയറുടെ ഇ-മെയിൽ മുഖേനയുള്ള മറുപടി. | |
| 1 | DSoRപ്രകാരമുള്ള മണ്ണിന്റെ വില കണക്കാക്കി അതിൽ നി ന്നും ഖനനം ചെയ്ത് നീക്കം ചെ യ്യുന്നതിനുള്ള DSoR 2.6.1 പ്രകാ രമുള്ള തുക കുറവ് ചെയ്ത് ലഭി ക്കുന്ന തുകയാണ് പ്രാരംഭ വില യായി കണക്കാക്കിയിട്ടുള്ളത്. ഒരു ഘനമീറ്റർ മണ്ണിന് 231.55 രൂപയും ആയത് നീക്കം ചെയ്യു ന്നതിന് 201.32 രൂപയും കണ ക്കാക്കുമ്പോൾ പഞ്ചായത്തിന് ലഭിക്കുന്നത് 30.23 രൂപ മാത്ര മാണ്. കോഴിക്കോട് ജില്ലാ ജിയോള ജിസ്റ്റിന്റെ 01.08.2023 ലെ DOKOZ-DMG/ 972/2023-M നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം ഘന മീറ്ററിന് 320/- നിരക്കിലാണ് സാധാരണ മണ്ണിന്റെ വില കണക്കാക്കി യിട്ടുള്ളത് എന്നത് ഇവിടെ പ്രസക്തമാണ്. ഖനനം ചെയ്യു ന്നതിനുള്ള തുക കിഴിവ് ചെയ്യു മ്പോൾ ഫലത്തിൽ 2.6.1 പ്രകാ | DSoR 2.6.1 പ്രകാരം അംഗീകൃത നിരക്കിലാണ് പ്രവൃത്തി നിർവ്വഹിച്ചതെന്നും ഓർഡിനറി സോയിലിനേ ക്കാൾ കട്ടപ്പമുള്ള മണ്ണായിരുന്ന സാഹചര്യത്തിലും കുറഞ്ഞ നിരക്കിലുള്ള ഇനമാണ് ഉപ യോഗിച്ചതെന്നും അറിയിച്ചിട്ടു ണ്ട്. DSR പ്രകാരം മാത്രമെ മണ്ണിന്റെ മൂല്യം കണക്കാക്കു വാൻ കഴിയുകയുള്ളൂ എന്നും മറുപടിയിൽ പരാമർശിച്ചി ട്ടുണ്ട്. മണ്ണ് ഖനനം ചെയ്ത് സംഭരിക്കാനുള്ള സൗകര്യം സൈറ്റിൽ ലഭ്യമല്ലായിരു ന്നെന്നും മറുപടിയിൽ പരാമർ ശിച്ചിട്ടുണ്ട്. ജില്ലാ ജിയോള ജിസ്റ്റ് ഘന മീറ്ററിന് 320 രൂപ നിരക്കിൽ മണ്ണിന്റെ മൂല്യം നിശ്ചയിച്ച് നൽകിയതെ ങ്ങനെയെന്നത് വ്യക്തമല്ലെ ന്നും പരാമർശിച്ചിരിക്കുന്നു. | ലേലം ചെയ്യുന്ന സാഹചര്യത്തിൽ കരാറുകാരന്റെ വാടക,കൂലി ,വാട്ടർ ചാർജ്ജ് ഉൾപ്പെടെയുള്ള ചെലവുകൾ പരിഗണിച്ചത് ശരിയായ രീതിയല്ല. കരാറുകാരന്റെ ചെലവുകളിൽ ഖനനം ചെയ്ത മണ്ണ് സ്റ്റാക്ക് ചെയ്യുന്നതിനും ലെവൽ ചെയ്യുന്നതിനുമുള്ള തുക പരിഗണിച്ചിട്ടുണ്ട്. മണ്ണ് നീക്കം ചെയ്യുന്ന സാഹചര്യത്തിൽ ആയത് ആവശ്യമില്ലാത്തതാ യിരുന്നു. DSR പ്രകാരമുള്ള നിരക്ക് നിശ്ചയിച്ചും എസ്റ്റിമേറ്റ് തയ്യാറാക്കിയുമാണ്പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ടെണ്ടർ ക്വട്ടേഷൻ നടപടികൾ കൈക്കൊള്ളാതെ ലേല നടപടികൾ സ്വീകരിച്ചതിന്റെ സാംഗത്യം വ്യക്തമല്ല. |

| | | | |
|---|---|---|---|
| | രമുള്ള പ്രവൃത്തിയുടെ നിർവ്വഹണം കരാറുകാരനെ ചുമതലപ്പെടുത്തിയതായി കണക്കാക്കേണ്ടി വരും . മേൽ പ്രവൃത്തിലേല നടപടികളിലൂടെ ഏൽപ്പിച്ച് നൽകുന്നത് ഉചിതമല്ല. 2.6.1 പ്രകാരമുള്ള ഇനത്തിന്റെ നിർവ്വചനത്തിൽ Disposed Earth To Be Levelled And Neatly Dressed എന്നും പരാമർശിച്ചതായി കാണുന്നു. ഇനത്തിൽ Hydraulic Excavator (3D) With Driver And Fuel , Hire And Running Charges Of Loader, Labour Mate,Labour Coolie എന്നിവയുടെ തുകയാ ണ് ഉൾപ്പെട്ടിട്ടു ള്ളത്. Labour ഇനത്തിലെ ചെലവുകളുടെ പ്രസക്തി വ്യക്തമാക്കേണ്ടതാണ്. മണ്ണിന്റെ മാർക്കറ്റ് നിരക്ക് പരിശോധിക്കാതെ DsoR പ്രകാരം നിരക്ക് നിശ്ചയിച്ച നടപടി സ്ഥാപനത്തിന് ലാഭകരമായിട്ടില്ല. | | |
| 2 | കോഴിക്കോട് ജില്ലാ ജിയോളജിസ്റ്റ് 03.03.2023 ലെ 243/ 2022-23/OE/DOKOZ-DMG/ | സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മറുപടിയിൽ മണ്ണ് | പാസ്സ് സംബന്ധിച്ച വിശദാംശങ്ങൾ , രജിസ്റ്റർ എന്നിവ സെക്രട്ടറി ഓഡിറ്റിന് |

| | | | |
|---|---|---|---|
| | 246/2023-M നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടറിക്ക് 06.03.2023 മുതൽ 25.03.2023 വരെ മാത്രം പ്രാബല്യമുള്ള 342 മിനറൽ പാസുകൾ സെക്രട്ടറി ക്ക് അനുവദിച്ചിട്ടുണ്ട്. പാസ് നൽകുന്നതും മണ്ണ് നീക്കം ചെയ്യുന്നതും സംബന്ധിച്ച രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതും കരാറുകാരന് ഏതെല്ലാം ദിവസങ്ങളിൽ എത്ര വീതം പാസുകളാണ് അനുവദിച്ചതെന്നും പാസുകൾ മോണിറ്ററിംഗ് ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയത് രേഖാ മൂലം അറിയിക്കേണ്ടതുമാണ്. | ഖനനത്തിന് ജിയോളജി വകുപ്പിൽ നിന്നും അനുമതി ലഭ്യമായതോ, പാസ്സ് ഇഷ്യു ചെയ്തതോ സംബന്ധിച്ച യാതൊരു വിവരവും സെക്രട്ടറി ലഭ്യമാക്കിയിട്ടില്ലെന്നും കരാറുകാരൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിക്കാതെയാണ് മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി ആരംഭിച്ചതെന്നും അറിയിച്ചിട്ടുണ്ട്. | ലഭ്യമാക്കേണ്ടതാണ്. |
| 3 | മണ്ണ് എടുത്ത് മാറ്റുന്ന പ്രവൃത്തിയുടെ മോണിറ്ററിംഗ് സെക്രട്ടറി ഉത്തരവ് മുഖേനയും ഭരണസമിതി തീരുമാന പ്രകാരവും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. മേൽ ചുമത | കരാറുകാരൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിക്കാതെയാണ് മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി ആരംഭിച്ചതെന്നും ഭരണസമിതി അംഗം അറിയിച്ചതിനെ തുടർന്നാണ് 08.03.23 ന് | 17.02.23 ലെ 2/1 തീരുമാന പ്രകാരം ലേലത്തിന് ശേഷമുള്ള തുടർ നടപടികൾക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ അസിസ്റ്റന്റ് എക്സിക്യൂ |

| | | | | | |
|---|---|---|---|---|---|
| | | ല നിർവ്വഹിക്കുന്നതിൽ വീഴ്ചയു ണ്ടായതാണ് അപാകത്തിന് കാരണമായത്. ചുമതല അസി സ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീ യർ ആർക്കെങ്കിലും നൽകി യി ട്ടുണ്ടായിരുന്നെങ്കിൽ ആയ തി ന്റെ രേഖ/ഉത്തരവ് ലഭ്യമാ ക്കേണ്ടതും വീഴ്ചയുടെ കാരണം വിശദീകരിക്കേണ്ടതുമാണ്. | സ്ഥലപരിശോധന നട ത്തിയതെന്നും ആസൂത്രണം ചെയ്തതിൽ കവിഞ്ഞ വീതി യിൽ മണ്ണ് ഇടിച്ചിരുന്നെന്നും മണ്ണ് സൈറ്റിൽ നിന്നും നീക്കം ചെയ്തിരുന്നില്ലെന്നും അന്നേ ദിവസം തന്നെ കരാറുകാരന് അളവുകൾ മാർക്ക് ചെയ്ത് നൽ കിയെന്നും അസിസ്റ്റന്റ് എക്സി ക്യൂട്ടീവ് എഞ്ചിനീയർ അറിയി ച്ചു. തുടർന്ന് രണ്ടാഴ്ചയോളം ഓവർസിയറുടെ മേൽനോട്ട ത്തിൽ മണ്ണെടുത്ത് മാറ്റുകയും പാസിന്റെ കാലാവധി അവ സാനിച്ചെന്ന് ലേലം കൊണ്ട കരാറുകാരൻ അറിയിച്ചതിനാ ൽ പ്രവൃത്തി നിർത്തി വെച്ചതാ ണെന്നും പിന്നീട് ബ്ലോക്ക് മെ മ്പർ അറിയിച്ചപ്പോൾ മാത്രമാ ണ് അധികമായി മണ്ണ് ഖനനം ചെയ്തതായി അറിഞ്ഞതെന്നും 17.05.2023 ന് സൈറ്റ് പരിശോ ധിച്ച് ഫൈനൽ ലെവൽസ് രേഖപ്പെടുത്തുകയും വിവരം സെക്രട്ടറിയെ 06.06.23 ൽ രേഖാമൂലം അറി യിച്ചുവെന്നും മറുപടിയിൽ | ട്ടീവ് എഞ്ചിനീയറും ഹാജരാ യിരുന്നു. സെക്രട്ടറിയുടെ ഉത്ത രവിന്റെ പകർപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകുന്ന തിനായും മാർക്ക് ചെയ്തിട്ടുണ്ട്. മെമ്പർ അറി യിച്ചതിനെ തുടർന്ന് 08.03.2023 ന് സ്ഥല പരി ശോധന നടത്തിയപ്പോൾ അനുമതിയില്ലാതെയും അനധി കൃതമായും മണ്ണ് ഖനനം ചെയ്തി രുന്നുവെന്ന് അസിസ്റ്റന്റ് എക്സി ക്യൂട്ടീവ് എഞ്ചിനീയർക്ക് നേരിട്ട് ബോധ്യപ്പെട്ടതാണ്. അത്തരത്തിലുള്ള റിസ്ക് നില നിൽക്കുന്ന സാഹചര്യത്തിലും ഭരണസമിതി ചുമതലപ്പെട്ട ത്തിയ മോണിറ്ററിംഗ് ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരു ത്തിയതാണ് അനധികൃതമാ യി മണ്ണ് ഖനനം ചെയ്യപ്പെടുന്ന തിന് കാരണമായത്. | |

| | | | |
|---|---|---|---|
| | | പരാമർശിച്ചിട്ടുണ്ട്. | |
| 4 | പാസുകളുടെ കാലാവധി 25.03.23 വരെ മാത്രമായി രുന്നു. മേൽ സാഹചര്യത്തിലും 06.06.2023 തിയ്യതിയിലാണ് സൈറ്റ് പരിശോധിച്ച് മണ്ണ് അധികമായി ഖനനം ചെയ്തിട്ടു ള്ളതെന്ന് അസിസ്റ്റന്റ് എക്സി ക്യൂട്ടീവ് എഞ്ചിനീയർ തിരിച്ച റിഞ്ഞിട്ടുള്ളത്. പാസിന്റെ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട ബാധ്യത ഉണ്ടായിരിക്കെ ആയത് ഉറപ്പാക്കുന്നതിലുണ്ടായ വീഴ്ച വിശദീകരിക്കേണ്ടതാണ്. | പാസുകളുടെ കാലാവധി അവസാനിച്ചതിനെതുടർന്ന് മണ്ണ് ഖനനം നിർത്തിവെ ച്ചെന്നും പിന്നീട് പാസ് ലഭ്യ മായിട്ടുണ്ടോ എന്നത് അറി യില്ലെന്നും അറിയിച്ചു. | മറുപടിയിൽ ഓവർസിയറുടെ മേൽനോട്ടത്തിൽ രണ്ടാഴ്ച ക്കാലം മണ്ണ് നീക്കം ചെയ്തിരു ന്നുവെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കാലയളവി ൽ എത്ര അളവ് മണ്ണ് നീക്കം ചെയ്തെന്നോ , എത്ര പാസ്സുകൾ അനുവദിച്ചെന്നോ , പാസ്സുകൾ അനുവദിച്ചത് ആരായിരുന്നു വെന്നോ വിശദീകരിച്ചിട്ടില്ല. വിശദാംശങ്ങൾ രേഖാമൂലം ലഭ്യമാക്കേണ്ടതാണ്. |
| 5 | ശ്രീ.ബാലകൃഷ്ണൻ കടുക്കാങ്കി യിൽ എന്നവരുടെ പരാതിയി ന്മേൽ 27.04.2023 തിയ്യതി രേഖപ്പെടുത്തിയാണ് ലോകാ യുക്ത നോട്ടീസ് നൽകിയി ട്ടുള്ളത്. എന്നാൽ മേൽ വിഷയ ത്തിന്മേൽ പരിശോധന നട ത്തി റിപ്പോർട്ട് ചെയ്തത് 06.06.2023 തിയ്യതിയിലാണ്. കാലതാമസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. | 17.05.2023 ലാണ് മെമ്പർ അറിയിച്ചതിനെ തുടർന്ന് സ്ഥലം പരിശോധിച്ചതെന്നും വിവരം സെക്രട്ടറിയെ അറിയിച്ചത് 06.06.2023 നാണെന്നും മറുപടി ലഭ്യമാ ക്കി. | അനധികൃത ഖനനം നട ക്കുന്നുവെന്ന് പരാതിക്കാരൻ 27.04.2023 തിയ്യതിക്ക് മുൻ പായി തിരിച്ചറിഞ്ഞു. എന്നാൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പ്രസ്തുത വിവരം അറിയുന്നത് 17.05.2023 തിയ്യതിയിലാണ്. 27.04.2023 തിയ്യതി രേഖപ്പെ ടുത്തിയ ലോകായുക്ത നോട്ടീ സ് സ്ഥാപനത്തിൽ ലഭ്യമായ തെന്നാണെന്നും പരാതി സംബന്ധിച്ച ഫയൽ പ്രകാരം |

| | | | |
|---|---|---|---|
| | | | സെക്രട്ടറി അസിസ്റ്റന്റ് എക്സി ക്യൂട്ടീവ് എഞ്ചിനീയർക്ക് നിർ ദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കി ൽ അതെന്തായിരുന്നുവെന്ന് രേഖാമൂലം അറിയിക്കേണ്ടതും പരാതിയുടെ പകർപ്പ് പരിശോ ധനക്ക് ലഭ്യമാക്കേണ്ടതുമാണ്. |
| 6 | കരാറുകാരനായ ശ്രീ.രമേശന് നൽകിയ നോട്ടീസിൽ ജിയോ ളജി വകുപ്പിൽ അടവാ ക്കേണ്ട പിഴ യായ 365000/- രൂപയു ടെ കാര്യം മാത്രമെ സെക്രട്ടറി പരാമർശിച്ചിട്ടുള്ളൂ. അധികമാ യി ഖനനം ചെയ്തതും പഞ്ചായ ത്തിന് ലഭിക്കേണ്ടതുമായ മണ്ണിന്റെ വിലയെ കുറിച്ച് പരാമർശിച്ചിട്ടില്ല. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം പരിഗ ണിക്കാത്തതിന് വിശദീക രണം ലഭ്യമാക്കേണ്ടതാണ്. | മറുപടിയില്ല. | സെക്രട്ടറി മറുപടി ലഭ്യമാക്കേ ണ്ടതാണ്. |

സൈറ്റിൽ മരങ്ങളോ മറ്റ് ആസ്തികളോ ഉണ്ടായിരുന്നോ എന്നത് ഫയലിൽ നിന്നും വ്യക്തമല്ല. ഓഡിറ്റിന്റെ സ്ഥല പരിശോധനയിൽ സമീപ ഭൂമികളിൽ ചന്ദനച്ചെടികളും മറ്റ് മരങ്ങളും ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ സൈറ്റിൽ പരിശോധന നടത്തുന്ന സമയത്ത് കുറ്റിച്ചെടികളും പുല്ലും മാത്രമെ ഉണ്ടായിരുന്നുള്ളൂ എന്നാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. മിനറൽ പാസ് രജിസ്റ്റർ, ലോകായുക്തയിൽ ശ്രീ.ബാലകൃഷ്ണൻ കടുക്കാങ്കിയിൽ എന്നവർ നൽകിയ പരാതിയുടെ പകർപ്പ്, കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ തത്സ്ഥിതി വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (ആയവ ലഭ്യമാക്കുന്നതിന്

റിക്വിസിഷൻ നൽകിയിട്ടുണ്ട്.)

സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ ഭരണസമിതി നിക്ഷിപ്തമാക്കിയ ചുമതലകൾ നിർവ്വഹിക്കുന്നതിലുണ്ടായ വീഴ്ചയാണ് 2015 ലെ The Kerala Minerals (Prevention Of Illegal Mining, Storage And Transportation) Rules ലെ ചട്ടം 29 പ്രകാരം സ്ഥാപനത്തിന് 365000/- രൂപ പിഴ ചുമത്തുന്നതിന് കാരണമായിട്ടുള്ളത്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 34 പ്രകാരം പിഴ അടവാക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന് 12% പ്രതിവർഷ നിരക്കിൽ പിഴ പലിശ അടവാക്കേണ്ടതുമുണ്ട്. അപ്പീൽ സാധ്യതകൾ അവസാനിച്ചതിനാൽ പിഴ തുക അടവാക്കുന്നതിൽ കാലതാമസമുണ്ടാകുന്ന പക്ഷം പിഴ പലിശയുടെ ബാധ്യതയും സ്ഥാപനത്തിനുണ്ടാകാനിടയുണ്ട്. ആസൂത്രണം ചെയ്തതിൽ അധികരിച്ച ഖനനം മൂലം പാരിസ്ഥിതിക ആഘാതത്തിന് പുറമെ പ്ലോട്ട് സംരക്ഷണത്തിന് റീടെയിനിംഗ് വാൾ ഉൾപ്പെടെയുള്ള അധിക ബാധ്യതയും സ്ഥാപനത്തിനുണ്ടാകാനിടയുണ്ട്. രണ്ട് തട്ടിന് പകരം കരാറുകാരൻ മൂന്ന് തട്ട് ഭൂമി ഖനനം ചെയ്തിട്ടുണ്ടെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ഇത് ആസൂത്രണം ചെയ്ത എം.ആർ.എഫ് കെട്ടിടത്തിന്റെ ഘടനയെ ബാധിക്കാനുള്ള സാധ്യതയുണ്ട്.

സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ചുമതലാ നിർവ്വഹണത്തിലുണ്ടായ വീഴ്ചയാണ് അനധികൃത ഖനനത്തിന് കാരണമായിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

സെക്രട്ടറിയുടെ വീഴ്ചകൾ

- ലേല നടപടികൾക്ക് നേതൃത്വം വഹിച്ചത് സെക്രട്ടറിയാണ്. മണ്ണ് ഖനനത്തിന് മേൽ നോട്ടം വഹിക്കാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയെങ്കിലും, ആസ്തിയുടെ ഉടമ എന്ന നിലയിൽ ചുമതല നിർവ്വഹിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചില്ല.
- ഒ(എ) ഫോറത്തിലോ ഇ-പാസോ ആയി ജില്ലാ ജിയോളജിസ്റ്റിൽ നിന്നും ലഭിക്കുന്ന മിനറൽ പാസുകൾ കൈപ്പറ്റേണ്ടതും അനുവദിക്കുന്ന പാസുകളുടെ വിവരം രജിസ്റ്റർ മുഖേന നിരീക്ഷിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്തം സെക്രട്ടറിയുടേതായിരുന്നു. ആയത് നിർവ്വഹിച്ചില്ല.
- ശ്രീ.ബാലകൃഷ്ണൻ കടുക്കാങ്കിയിൽ എന്നവർ ലോകായുക്തയിൽ നൽകിയ പരാതിന്മേലുള്ള നോട്ടീസ് പുറപ്പെടുവിക്കുന്നത് 27.04.2023 തിയ്യതിയിലാണ്. (പരാതിയുടെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.) ലോകായുക്തക്ക് നൽകിയ വസ്തുതാ വിവരണ പത്രികയിലെ ഖണ്ഡിക J യിൽ അധികമായി മണ്ണ് ഖനനം ചെയ്തത് സംബന്ധിച്ച വിവരം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയതായി പരാമർശിച്ചിട്ടുണ്ട്. ഇതിൽ നിന്നും പരാതിയിൽ അധിക ഖനനത്തെ കുറിച്ച് പരാമർശമുണ്ടായിരുന്നുവെന്ന് വ്യക്തമാണ്. നോട്ടീസ് പുറപ്പെടുവിച്ച 27.04.2023 തിയ്യതിക്ക് മുൻപായി ( പരാതിയുടെ തിയ്യതി ലഭ്യമല്ല ) അധിക ഖനനം നടന്നിരുന്നുവെന്നും വ്യക്തമാണ്.

എന്നാൽ പ്രസ്തുത വിവരം സെക്രട്ടറി അറിയുന്നത് ഏകദേശം 2 മാസങ്ങൾക്ക് ശേഷമാണ്. പരാതിക്ക് ശേഷവും തുടർ നടപടികളിൽ കാലതാമസമുണ്ടായി.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

- മണ്ണ് ഖനന പ്രവൃത്തികളുടെ തുടർ നടപടികളും മോണിറ്ററിംഗും ഭരണസമിതി തീരുമാന പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാക്കി ഉത്തരവായിട്ടുള്ളതാണ്. ലേലം ഉറപ്പിച്ച് 21.02.2023 ന് ഉത്തവായിട്ടുമുണ്ട്. എന്നാൽ 08.03.2023 വരെ പ്രസ്തുത ചുമതല നിർവ്വഹിക്കുന്ന വിധത്തിൽ പ്രവർത്തിക്കുകയോ കീഴുദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ക്രമീകരിക്കുകയോ ചെയ്തില്ല.
- മെമ്പർ അറിയിച്ചതിനെ തുടർന്ന് 08.03.2023 ന് സ്ഥല പരിശോധന നടത്തിയതിൽ ആസൂത്രണം ചെയ്തതിനേക്കാൾ അധിക വിസ്തൃതിയിൽ ഖനനം ആരംഭിച്ചതായി ബോധ്യപ്പെട്ട സാഹചര്യത്തിലും ചുമതലാ നിർവ്വഹത്തിൽ ആവശ്യമായ ജാഗ്രത പുലർത്തിയില്ല.
- ലഭ്യമാക്കിയ മറുപടിയിൽ 08.03.2023 ന് ശേഷം രണ്ടാഴ്ചക്കാലം (തിയ്യതി വ്യക്തമാക്കിയിട്ടില്ല. ) ഓവർസിയറുടെ മേൽ നോട്ടത്തിലാണ് മണ്ണ് നീക്കം ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ നീക്കം ചെയ്ത മണ്ണിന്റെ അളവ്, ഉപയോഗിച്ച പാസ്സ് എന്നിവയുടെ വിശദാംശങ്ങൾ നിരീക്ഷിച്ചില്ല. ഓവർ സിയറെ ചുമതലപ്പെടുത്തിയതിന്റെ രേഖയും ലഭ്യമാക്കിയിട്ടില്ല.
- അധികമായി ഖനനം നടക്കുന്ന വിവരം 27.04.2023 ന് മുൻപായി പരാതിക്കാരൻ തിരിച്ചറിഞ്ഞിരുന്നു. എന്നാൽ മോണിറ്ററിംഗ് ചുമതലയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത വിവരം അറിയുന്നത് 17.05.2023 തിയ്യതിയിൽ മെമ്പർ അറിയിച്ചതിനെ തുടർന്നാണ്.

16.06.2023 തിയ്യതിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സെക്രട്ടറിക്കുള്ള കത്തിൽ 850 ഘനമീറ്റർ മണ്ണ് കരാറുകാരൻ അധികമായി ഖനനം ചെയ്തിട്ടുണ്ടെന്നും ഘനമീറ്ററിന് 231.55 രൂപ നിരക്കിൽ 196817.5 രൂപ മൂല്യമുള്ള മണ്ണാണ് അധികമായി ഖനനം ചെയ്തതെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ ജിയോളജിസ്റ്റ് നിശ്ചയിച്ച മണ്ണിന്റെ വില 272000 രൂപയാണ്.

ദുർഘടമായ വഴിയും അളവിന്റെ വ്യാപ്തിയും പരിഗണിക്കുമ്പോൾ 850 ഘനമീറ്റർ മണ്ണ് (ഉദ്ദേശം 303 നിസാൻ 100 ഫൂട്ട് ലോഡുകൾ) സൈറ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് ഒരാഴ്ചയിലേറെ സമയം ആവശ്യമായി വരും. ഈ കാലയളവിൽ യാതൊരുവിധ മോണിറ്ററിംഗ് സംവിധാനവും പ്രവർത്തിച്ചിട്ടില്ല. നടപടിക്രമങ്ങളിലെയും മോണിറ്ററിംഗിലേയും വീഴ്ച മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 272000/- രൂപയാണ്. ആയത് ഉത്തരവാദിയായ സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അപാകതകൾക്ക് ഉത്തരവാദികളിൽ നിന്നും വിശദീകരണം തേടേണ്ടതും , ജില്ലാ ജിയോളജിസ്റ്റിന്റെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള 365000/- രൂപ ഉത്തരവാദികളിൽ നിന്നും അടിയന്തിരമായി

ഈടാക്കി അടവാക്കുന്നതിനാവശ്യമായ നടപടിയും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഉയർന്ന നിരക്കിലുള്ള ഇനം ഉപയോഗപ്പെടുത്തി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ കളങ്കോളി തോട് കീഴരിയൂർ ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിയുടെ (പ്രൊ.നം 26/24 So) എസ്റ്റിമേറ്റിൽ അടിത്തട്ടിൽ കരിങ്കല്ല് പതിക്കുന്ന ഇനവും ഉൾപ്പെടുത്തിയിട്ടുണ്ട്. (DR PACKING FOR APRONS- DAR 60.7.4). തോട് സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കിയ പ്രസ്തുത ഇനത്തിന്റെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. DR Masonry ക്ക് ഉപയോഗിക്കുന്ന OD Irrigation ലെ ഐറ്റം 60.7.1 ലെ നിരക്കിനേക്കാൾ ഉയർന്ന നിരക്കായ 60.7.4 ആയ DR PACKING FOR APRONS എന്ന ഇനമാണ് Paving ന് ഉപയോഗിച്ചിട്ടുള്ളത്.

60.7.4 ആയ DR PACKING FOR APRONS എന്ന ഇനത്തിന്റെ വിവരണം പരിശോധിച്ചാൽ "Packing To Compactness To Lines Levels, Cost And Conveyance Of All Materials" എന്ന വിധം കരിങ്കൽ അടുക്കി പണിയുന്നതിനുള്ള ഇനമാണെന്ന് കാണാം. 60.7.2 പ്രകാരമുള്ള "DR Packing Under Foundation" എന്നയിനം ഉപയോഗപ്പെടുത്താതെ 60.7.4 ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. നിരക്കിൽ വൻവ്യത്യാസമുണ്ടെങ്കിലും കരാറുകാരൻ കുറഞ്ഞ തുക ക്വാട്ട് ചെയ്തതിനാൽ 7418 രൂപയുടെ അധിക ചെലവ് മാത്രമെ സ്ഥാപനത്തിനുണ്ടായിട്ടുള്ളൂ. വിശദാംശം ചുവടെ ചേർക്കുന്നു.

| 60.7.4 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവും കരാർ തുകയും | കരാറുകാരന് നൽകിയ തുക (GSTഉൾപ്പെടെ | 60.7.2 പ്രകാരം നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ട തുക (2622.81 രൂപ | അധിക ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| | | നിരക്കിൽ GST ഉൾപ്പെടെ ) | |
| 20.025 ക്യൂബിക് മീറ്റർ 2936.76 രൂപ | 69394.17 | 61975.68 | 7418 |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ അപാകത മനപൂർവ്വം അല്ലായിരുന്നുവെന്നും അധികമായി ചെലവഴിച്ച 7418/- രൂപ പഞ്ചായത്ത് ഫണ്ടിൽ തിരികെ അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികമായ ചെലവഴിച്ച 7418/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതും തോട് നവീകരണ പ്രവൃത്തികളിൽ DR PAVING ന്റെ അനിവാര്യത വ്യക്തമാക്കേണ്ടതുമാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 14.06.24 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2023-24 | 490000 | പി.എം.ഐ.എവൈ ലൈഫ് ഭവന പദ്ധതി വിഹിതം നൽകൽ-ജനറൽ | 490000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2023-24 | 140000 | പി.എം.ഐ.എ.വൈ ലൈഫ് ഭവന പദ്ധതി വിഹിതം നൽകൽ-ജനറൽ | 140000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 422000 | പി.എം.ഐ.എ.വൈ ലൈഫ് ഭവന പദ്ധതി വിഹിതം നൽകൽ-എസ്.സി. | 422000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2023-24 | 360000 | പി.എം.ഐ.എ.വൈ ലൈഫ് ഭവന പദ്ധതി വിഹിതം നൽകൽ-എസ്.സി. | 360000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB , തിക്കോടി | 60/24, മുക്കം കുടി വെള്ള പദ്ധതിയ്ക്കായ് KSEB ലൈൻ സ്ഥാപിക്കൽ | 1/4.5.23 | 62106 | 0 | 62106 |
| KSEB ,അരിക്കുളം | 62/24, അരീക്കംചാലിൽ കുടി വെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കലും വൈദ്യുതീകരണവും KSEB ലൈൻ സ്ഥാപിക്കലും | 154/16-2-24 | 191000 | 0 | 191000 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റ്, പേരാമ്പ്ര | 107/24 മക്കാട് മുക്ക് നവ പ്രഭാ റോഡ് നിർമ്മാണം | 285/26.3.24 | 675000 | 0 | 675000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/ | തൻവർഷം എടുത്ത | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശ്യം | തീയതി | വായ്പ തുക | ബാക്കിയുണ്ടായിരുന്ന തുക | തുക | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവനപദ്ധതി | 3/6/2013, 2/8/2013, 9/9/2013 | ---- | 629732 | 0 | 629732 | 0 |

4-6 സ്ഥിര നിക്ഷേപം

-ഇല്ല-

4-7 ഓഡിറ്റ് റിക്കവറി

– ഇല്ല –

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2001-02 | 11.14 | ടൂറിസം വികസനം - പദ്ധതി നടപ്പിലായില്ല | LFAC(2004-06) 14-ാമത് റിപ്പോർട്ട് ഖണ്ഡിക 8 ബോട്ട് സർവ്വീസ് ആരംഭിക്കാനുള്ള തീരുമാനം കൈക്കൊള്ളണം. 2 മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണം. |
| 2003-04 | 3-3 | 2005-06 | 2.69.1 | കേരള വികസന പദ്ധതി – നിർദ്ദേശങ്ങൾ ലംഘിച്ചു | LFAC(16-19) 25-ാമത് റിപ്പോർട്ട്, ഖണ്ഡിക 21 പാഴ്ചെലവ് ഉത്തരവാദിയായ ഉദ്യോഗസ്ഥ |

| | | | | | |
|---|---|---|---|---|---|
| | | | | | രിൽ നിന്ന് ഈടാക്കാൻ ശുപാർശ. |
| 2017-18 | 3-3 | 2018-19 | | സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ ബ്ലോക്ക് തല എം.ആർ. എഫ് സെന്റർ സ്ഥാപിക്കാനായില്ല | തുടരുന്നു. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

-ഇല്ല-

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,97,47,358 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,87,09,152 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,72,000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7,418 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 33,65,607 |

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
| 2-1 | 2,72,000 | -- | ശ്രീ.സരുൺ കെ, സെക്രട്ടറി, ശ്രീമതി സുജ വി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-1 | -- | 7,418 | ശ്രീമതി.അശ്വതി ശ്രീധർ അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | |
|---|---|---|
| | | ഉദ്യോഗപ്പേരും |
| 1-10 | 20,876 | ശ്രീമതി.വീണ വി എം,<br>മെഡിക്കൽ ഓഫീസർ , സി.എച്ച്.സി |
| 1-12 | 70,800 | ശ്രീമതി.വീണ വി എം,<br>മെഡിക്കൽ ഓഫീസർ , സി.എച്ച്.സി |
| 1-14 | 21,05,253 | ശ്രീ.ജോബി സാലസ്,<br>സെക്രട്ടറി, മേലടി ബ്ലോക്ക് പഞ്ചായത്ത് |
| 1-15 | 62,106<br>8,66,000 | ശ്രീ.സരുൺ കെ, സെക്രട്ടറി<br>ശ്രീ.ജോബി സാലസ്,സെക്രട്ടറി |
| 1-17 | 46,595 | ശ്രീ.ജോബി സാലസ്,<br>സെക്രട്ടറി, മേലടി ബ്ലോക്ക് പഞ്ചായത്ത് |
| 1-26 | 1,93,977 | ശ്രീമതി.വീണ വി എം,<br>മെഡിക്കൽ ഓഫീസർ , സി എച്ച് സി |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായ വരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സരുൺ കെ, സെക്രട്ടറി | അസിസ്റ്റന്റ് ഡയറക്ടർ , LSGD , സിവിൽ സ്റ്റേഷൻ, കോഴിക്കോട് | ശ്രീരാഗം,<br>ചോറോട് ഈസ്റ്റ്, പി.ഒ,<br>വടകര,673106<br>Sarunchorode@Gmail.Com |
| ശ്രീ.ജോബി സാലസ്<br>സെക്രട്ടറി | സെക്രട്ടറി,<br>മേലടി ബ്ലോക്ക് പഞ്ചായത്ത് | ചെമ്പുകെട്ടിക്കൽ<br>കൂമ്പാറ,<br>കൂമ്പാറ ബസാർ, കൂടരഞ്ഞി,<br>കോഴിക്കോട്,673604 |
| ശ്രീമതി സുജ വി,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD സബ്ഡിവിഷൻ, മേലടി | നവമി,കിടങ്ങൂർ പി .ഒ,<br>പത്തനംതിട്ട,689514<br>Sujavijayan78@Gmail.Com |
| ശ്രീമതി. അശ്വതി ശ്രീധർ,<br>അസിസ്റ്റന്റ്എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി സബ് ഡിവിഷൻ,മേലടി | ചെറുവത്ത് മീത്തൽ,<br>മേപ്പയ്യൂർ പി.ഒ, മേപ്പയ്യൂർ |

| | | |
|---|---|---|
| ശ്രീമതി.വീണ വി എം<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ ,<br>സി എച്ച് സി, മേലടി | നടുക്കണ്ടി,<br>പുതുപ്പണം, വടകര -673105 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി/.പി7/128/15(1)തീയതി 05.05.15 | 1<br>ഖണ്ഡിക 32<br>സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടത്. |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി/പി7/30/17(1) തീയതി 05.04.17 | 1<br>ഖണ്ഡിക 7 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി7/30/ 17(2) തീയതി 05.04.17 | 1<br>3-3 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി/പി7/30/ 17(4) തീയതി 05.04.17 | 1<br>3-1 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി/പി7/30/ 17(6) തീയതി 05.04.17 | 1<br>3-4 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി/പി7/1864/17 തീയതി -08.01.2018 | 1<br>3-8 |

| | | |
|---|---|---|
| 2010-11<br>2011-12 | കെ.എസ്.എ.കെ.കെ.ഡി/പി8/ 790/ 2022 തീയതി 18.05.22 | 3<br>3-3,3-4,3-11 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി/പി7/ 30/ 17(9) തീയതി 05.04.17 | 3<br>3-1, (2,3), 3-2, 3-3 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി/പി8/ 790(1)/ 2022 തീയതി 18.05.22 | 4<br>3-4,3-5,3-6,3-7 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി8/ 902/ 2022 തീയതി 18.05.22 | 9<br>2-1,2-2(a)(c), 3-1,3-4,3-6,3-11,3-7,3-12 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി8/ 790/ 2022 (2) തീയതി 18.05.22 | 9<br>2-1,2-2,3-1,3-4,3-5,3-10, 3-12,3-16,3-24 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/ പി8/902/ 2022 തീയതി 18.05.22 | 1-10,3-2,3-3,3-4 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/ പി11/965/ 2020 തീയതി 18.11.20 | 1-3,1-5,1-6,1-7(4),1-8,1-13,3-1,4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി8/ 1189/ 2022 തീയതി 23.09.22 | 1-1,1-2-1,1-4-1,1-7,1-8,1-9,1-10,1-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി8/ 1773/ 2021 തീയതി 23.09.22 | 1-1,1-2-1(1 To 10),1-4(1)(2),1-7,1-8,1-9,1-10,1-11,1-12 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി/പി8/ 1996/ 2022 തീയതി 30.11.22 | 1-2, 1-4, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 4-11 |
| 2022-23 | കെ.എസ്.എ.കെ.കെ.ഡി/പി8/ 1100/23 തീയതി 04.10.2023 | 1-1,1-1-1 മുതൽ 1-1-6 വരെ,1-2 മുതൽ 1-18 വരെ, 3-1,3-2, 3-3,4-1 മുതൽ 4-11 വരെ. |

മേൽ റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 01-06-2024 and submitted on 03-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Melady Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Melady Block Panchayat as on 31-03-2024

Date: 23/09/2024

Joint Director
District Office Kozhikode
Kerala State Audit Department

**Audit Report appended to the Audit Certificate of Melady Block Panchayat for the Year 2023-2024**

.

**1.Major Observations**

1.Payment voucher- misclassification.
2.Non disclosure of liability.

**2.Other Observations**

a. Mandatory financial statements prescribed in accounting rules are not submitted for audit.
i) Basic ratios
ii) Notes to accounts

b. Comments relating to inventory and other registers and asset register.
The following documents are not maintained duly.

- Deposit register.
- Advance register.
- Loan register.

c. Comments relating to Demand ,collection and Balance register. Demand register not match with financial
statement.( Eg:As per the register provided by the institution, a balance of Rs.41000 is seen under election deposit.
But according to the financial statement balance sheet (Schedule B7) the balance is Rs.27000.)
d.grant liability amount shown as liability in the balance sheet does not match withbank account opened for the specified grant account.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്